# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.(പി.കെ.ഡി) പി12/1548/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 21/11/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.(പി.കെ.ഡി) പി12/1548/23 തീയ്യതി: 21/11/2023

## പാലക്കാട് ജില്ലയിലെ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-02-2023 മുതൽ 14-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാം മനോഹർ വി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 15-09-2023 | 25-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-09-2023 | 25-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ബിജു ആന്റണി.യു. ഓഡിറ്റ് ഓഫീസർ
രാജിഷ.ആർ. സീനിയർ ഗ്രേഡ് ഓഡിറ്റർ
ഷെഹീർ.എസ്.സീനിയർ ഗ്രേഡ് ഓഡിറ്റർ
കന്തസ്വാമി.ഐ. ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ജയശ്രീ.പി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി.സ്മിത.കെ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അജീഷ്.വി.ആർ | അസിസ്റ്റന്റ് എൻജിനിയർ,എൽ.എസ്.ജി.ഡി | 01-04-2022 | 28-05-2022 |
| ശ്രീമതി.സിത്താര.പി | അസിസ്റ്റന്റ് എൻജിനിയർ,എൽ.എസ്.ജി.ഡി | 29-05-2022 | 28-08-2022 |
| ശ്രീ.അജിൻ ജേക്കബ് | അസിസ്റ്റന്റ് എൻജിനിയർ,എൽ.എസ്.ജി.ഡി | 29-08-2022 | 31-03-2023 |
| ഡോ.അനിജ.എസ് | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2022 | 15-06-2022 |
| ഡോ.അസ്മബി | മെഡിക്കൽ ഓഫീസർ,ആയുർവേദം | 16-06-2022 | 02-07-2022 |
| ഡോ.ദിവ്യ.കെ.ദാസ് | മെഡിക്കൽ ഓഫീസർ,ആയുർവേദം | 03-07-2022 | 31-03-2023 |
| ഡോ.ഗിരിജ സജീവ് | മെഡിക്കൽ ഓഫീസർ ,എഫ്.എച്ച്.സി | 01-04-2022 | 19-05-2022 |
| ഡോ.ഇന്ദു ബാലചന്ദ്രൻ | മെഡിക്കൽ ഓഫീസർ ,എഫ്.എച്ച്.സി | 19-05-2022 | 09-06-2022 |
| ഡോ.സി.അശോകൻ | മെഡിക്കൽ ഓഫീസർ ,എഫ്.എച്ച്.സി | 10-06-2022 | 19-10-2022 |
| ഡോ.ഇന്ദു ബാലചന്ദ്രൻ | മെഡിക്കൽ ഓഫീസർ ,എഫ്.എച്ച്.സി | 20-10-2022 | 31-03-2023 |
| ശ്രീമതി.ജീതു.കെ.ജോസഫ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.പരമേശ്വരൻ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ഡോ.രേഷ്മ.കെ.വാസു | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.ബിനിഷബാബുരാജ്.കെ | കൃഷി ഓഫീസർ | 01-04-2022 | 29-09-2022 |
| ശ്രീമതി.അർച്ചന.സി.ആർ | കൃഷി ഓഫീസർ | 29-09-2022 | 15-12-2022 |
| ശ്രീമതി.ദിവ്യ | കൃഷി ഓഫീസർ | 15-12-2022 | 31-03-2023 |
| ശ്രീമതി.ശ്രീജ.എസ് | ഹെഡ്മിസ്ട്രസ്സ് .ജി.എൽപി.എസ്.താനിക്കുന്ന് | 01-04-2022 | 03-05-2022 |
| ശ്രീമതി.ബീന.പി.കെ | ഹെഡ്മിസ്ട്രസ്സ് | 04-05-2022 | 31-03-2023 |

| | | | |
|---|---|---|---|
| | .ജി.എൽപി.എസ്.താനിക്കുന്ന് | | |
| ശ്രീ.ആഷിഫ്.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 30-09-2022 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 01-10-2022 | 31-10-2022 |
| ശ്രീ.ഉദയൻ മേനോൻ.പി.എം. | അസിസ്റ്റന്റ് സെക്രട്ടറി | 01-11-2022 | 31-03-2023 |
| ശ്രീമതി.ധന്യ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല | 1-1-2 |
| 4 | ഇഷ്യൂ ചെയ്ത് മൂന്നു മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ STALE CHEQUE ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല | 1-1-3 |
| 5 | ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റ് ആയില്ല | 1-1-4 |
| 6 | DIRECTLY Credited By Bank- വരവു കണക്കിലെടുത്തിട്ടില്ല | 1-1-5 |
| 7 | വാർഷികകണക്കിൽ ബാങ്ക് അക്കൗണ്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | വാർഷിക കണക്കുകളും ഡി.സി.ബി രജിസ്റ്ററുകളിലെ തുകയും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | വാർഷികകണക്കുകളിലെ തുകകളെ സാധൂകരിക്കത്തക്കവിധത്തിൽ അഡ്വാൻസ് രജിസ്റ്റർ ,ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പ്രകാരമുള്ള തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-9 |
| 11 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് പരിശോധന | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | മറ്റു ഓഡിറ്റുകൾ നടത്തിയ വിവരം | 1-10 |
| 21 | ലൈസൻസ് - അപാകതകൾ | 1-11 |
| 22 | ലൈസൻസ് ഫീസിന്റെ കൃത്യത ഉറപ്പാക്കിയിട്ടില്ല | 1-11-1 |
| 23 | ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല | 1-11-2 |
| 24 | ലൈവ്സ്റ്റോക്ക് ഫാമുകൾ- അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-11-3 |

| | | |
|---|---|---|
| 25 | തൊഴിൽ നികുതി-അപാകതകൾ | 1-12 |
| 26 | സ്ഥാപന തൊഴിൽ നികുതി പിരിച്ചെടുത്തില്ല | 1-12-1 |
| 27 | സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-12-2 |
| 28 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം അവലോകനം | 1-13 |
| 29 | വസ്തു നികുതി പരിഷ്കരണം-അവലോകനം | 1-14 |
| 30 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര നൽകൽ- അപാകതകൾ | 1-15 |
| 31 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി ആനുകൂല്യം വർഷം മുഴുവനും ലഭ്യമായില്ല | 1-16 |
| 32 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല – തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-17 |
| 33 | ഹരിത കർമ്മസേനയുടെ പ്രവർത്തനം - അവലോകനം | 1-18 |
| 34 | വീട് വാസയോഗ്യമാക്കൽ - പദ്ധതി ഭേദഗതി വരുത്താതെ അധിക തുക അനുവദിച്ചിരിക്കുന്നു | 1-19 |
| 35 | കട്ടുങ്ങൽ ചിറ അങ്കണവാടി വൈദ്യുതി കണക്ഷൻ നൽകൽ- ഡെപ്പോസിറ്റ് പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-20 |
| 36 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റിവയ്ക്കൽ- ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-21 |
| 37 | ലൈഫ് ഭവന പദ്ധതി - വീട് പണിപൂർത്തീകരിച്ച ഗുണഭോക്താക്കൾ - തുടർനടപടി സ്വീകരിക്കേണ്ടതാണ് | 1-22 |
| 38 | കുടിവെള്ളപദ്ധതികളുടെ യീൽഡ് ടെസ്റ്റ്- നടത്തിയതിന്റെ വിവരം ലഭ്യമല്ല | 1-23 |
| 39 | ആയുർവേദ ഡിസ്പെൻസറിയിലേക്ക് സാധന സാമഗ്രികൾ വാങ്ങൽ - അപാകങ്ങൾ | 1-24 |
| 40 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല | 1-25 |
| 41 | ഇ-ടെൻണ്ടർ ഫീസ് തനത്ഫണ്ടിൽ യഥാസമയം അടവാക്കിയിട്ടില്ല | 1-26 |
| 42 | കുടിവെള്ള പ്രോജക്ടുകളിൽ സബ്സിഡി മാർഗനിർദേശങ്ങൾ പാലിച്ചിട്ടില്ല | 1-27 |
| 43 | പദ്ധതി മാർഗരേഖ, സബ്സിഡി മാർഗരേഖ എന്നിവയിലെ നിബന്ധനകൾ പ്രോജക്ടിൽ പാലിച്ചിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു | 1-28 |
| 44 | ലേലം ചെയ്ത് മുതൽകൂട്ടിയില്ല | 1-29 |
| 45 | തെരുവുവിളക്ക് പരിപാലനം | 1-30 |


ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

ഭാഗം **4**

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | 3-വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് . 24/07/23 തിയതിയിലെ 1/1 നം കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 07.08.23 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പൂക്കോട്ടുകാവ് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പൂക്കോട്ടുകാവ് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്

തീയതി: 21-11-2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി

രേഖപ്പെടുത്തിയിരിക്കുന്നത് 1139852.00 രൂപയാണ്.എന്നാൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 594514.00 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-2 ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. 31.03.2009വരെയുള്ള ആസ്തികളുടെ വിവരമാണ് ആസ്തി രജിസ്റ്ററിൽ പരാമർശിച്ചിരിക്കുന്നത്. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-1-3 ഇഷ്യൂ ചെയ്ത് മൂന്നു മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ STALE CHEQUE ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

കനറാ ബാങ്ക്, കല്ലുവഴി തനതു ഫണ്ട് -(1587101017079) അക്കൗണ്ടിന്റെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 28373/- രൂപ (Cheque Issued But Not Presented Into Bank) ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ചെക്കുകൾ നൽകി ഒരു വർഷത്തിനു മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത ചെക്കുകൾ ഉൾപ്പെടുന്നു.

ഉദാഹരണം താഴെ കൊടുക്കുന്നു.

| ചെക്കുനമ്പർ തിയ്യതി | തുക |
|---|---|
| 185496,27.01.22 | 9999 |
| 454292/05.11.21 | 300 |
| 266584/11.01.21 | 500 |
| 185562/31.03.22 | 285 |

സ്ഥാപനം ഇഷ്യൂ ചെയ്ത് മൂന്നു മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ STALE CHEQUE ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

1-1-4 ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റ് ആയില്ല

കനറാ ബാങ്ക്,കല്ലുവഴി തനതു ഫണ്ട് -(1587101017079) അക്കൗണ്ടിന്റെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 14931/- രൂപ (Cheque Deposited But Not Cleared) ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് നാളിതുവരേയും ക്രെഡിറ്റ് ചെയ്യാത്ത ചെക്കുകൾ ഉൾപ്പെടുന്നു.

ഉദാഹരണം താഴെ കൊടുക്കുന്നു.

| ചെക്കുനമ്പർ തിയ്യതി | തുക |
|---|---|
| 1220000415,31.03.23 | 11566 |
| 1220103365 | 1250 |

ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1-1-5 DIRECTLY Credited By Bank- വരവു കണക്കിലെടുത്തിട്ടില്ല

കനറാ ബാങ്ക്, കല്ലുവഴി ( തനത് ഫണ്ട്- Account No.1587101017079) അക്കൗണ്ടിൽ തുക നേരിട്ടു ക്രഡിറ്റ് വരികയും സ്ഥാപനത്തിന്റെ വരവാണോ എന്ന് ഉറപ്പുവരുത്തി കണക്കിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടില്ല. 31.03.23 ലെ റീ കൺസിലിയേഷൻ പത്രിക പ്രകാരം ഇത്തരത്തിൽ 3365/-രൂപ ഇത്തരത്തിൽ ഉൾപ്പെടുത്തിയത് നാളിതുവരെ പഞ്ചായത്തിൽ രശീതി ആക്കി വരവിൽ ഉൾപ്പെടുത്തിയിട്ടില്ല. പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1-1-6 വാർഷികകണക്കിൽ ബാങ്ക് അക്കൗണ്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല

2021-22വർഷത്തെ വാർഷിക വരവ് ചെലവ് പത്രികയിലെ 40(b)യിൽ കിടക്കുന്ന താഴെ സൂചിപ്പിക്കുന്ന ഗ്രാമ പഞ്ചായത്ത് അക്കൗണ്ടുകൾ 2022-23ലെ 40(a)പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1) ട്രഷറി അക്കൗണ്ട് കോവിഡ്

2) കനറാ ബാങ്ക് ലിറ്ററസി മിഷൻ

3) കനറാ ബാങ്ക് ഹരിയാലി

4) കനറാ ബാങ്ക് TSC

5)കനറാ ബാങ്ക് ബയോഗ്യാസ്

6)കനറാ ബാങ്ക് ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ്

7)IDBI- പഠ്ന ലിഖ്ന ലിറ്ററസി പ്രോഗ്രാം

8)പൂക്കോട്ടുകാവ് സർവീസ് കോ-ഓപ്പറേറ്റീവ് ബാംങ്ക് ,കനിവ്

9) PPS കോ-ഓപ്പറേറ്റീവ് ബാങ്ക് ,കുടുംബശ്രീ

10) കനറാ ബാങ്ക് വെസ്റ്റേൺഘട്ട് ഫണ്ട്

11)കനറാ ബാങ്ക് കല്ലുവഴി HEALTH GRANT BUILDING FOR SUBSIDY

12) പഠ്ന ലിഖ്ന,ഇൻഡ്യൻ ബാങ്ക് ഒറ്റപ്പാലം(A/C NO-7179696343)

1-1-7 വാർഷിക കണക്കുകളും ഡി.സി.ബി രജിസ്റ്ററുകളിലെ തുകയും പൊരുത്തപ്പെടുന്നില്ല

താഴെ സൂചിപ്പിക്കുന്ന നികുതി , നികുതിയേതര ഇനങ്ങളിലെ തൻ വർഷത്തെ ഡിമാന്റ് കളക്ഷൻ ബാലൻസ് സംബന്ധിച്ച രജിസ്റ്ററുകളിലെ സംക്ഷിപ്തങ്ങളും വാർഷിക കണക്കിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതി

ജീവനക്കാരുടെ തൊഴിൽ നികുതി

പെർമിറ്റ് ഫീ

1-1-8 വാർഷികകണക്കുകളിലെ തുകകളെ സാധൂകരിക്കത്തക്കവിധത്തിൽ അഡ്വാൻസ് രജിസ്റ്റർ ,ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പ്രകാരമുള്ള തുകകൾ പൊരുത്തപ്പെടുന്നില്ല

തൻ വർഷം ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന ഇനങ്ങളിലുള്ള ഡെപ്പോസിറ്റ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

1. Contractors Retention Amount

2.Contractors EMD

3.Other Deposits

മേൽ സൂചിപ്പിച്ചവ കൂടാതെ അഡ്വാൻസ് ഇനത്തിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും നൽകിയ തുക ക്രമീകരിച്ചത്, ബാലൻസ് നിൽക്കുന്ന തുക എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

Festival Advance

Advance To Others

Advance To Implementing Agencies-Deposit With Kerala Water Authority

1-1-9 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-1-10 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (ഇ, എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. 25.03.2022-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നമ്പർ 1(1) പ്രകാരം 2022-23 വർഷത്തെ കരട് ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | ₹1323988 |
| പ്രതീക്ഷിത വരവ് | ₹172650000 |
| ആകെ വരവ് | ₹173973988 |
| ചെലവ് | ₹173259000 |
| നീക്കിയിരിപ്പ് | ₹714988 |

തുടർന്ന് 26.03.22തിയ്യതിയിലെ തീരുമാനം നം. 1/1പ്രകാരം 2022-23 വർഷത്തെ ബജറ്റ് അന്തിമമായി അംഗീകരിച്ചിട്ടുള്ളത് താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 1426045 |
| തൻവർഷം വരവ് | 219273954 |
| ആകെ വരവ് | 217847859 |
| ചെലവ് | 216897829 |
| നീക്കിയിരിപ്പ് | 950030 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹2227057.50 |
| വരവ് | 27621034.00 |
| ആകെ | 29848091.50 |
| ചെലവ് | 26481182.00 |
| നീക്കിയിരിപ്പ് | 3366909.50 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വി കസന ഫണ്ട് | 0 | 9827000 | 9827000 | 9542160 | 284840 |

| | | | | | |
|---|---|---|---|---|---|
| -ജനറൽ | | | | | |
| വികസന ഫണ്ട് -എസ്.സി.പി | 0 | 9285000 | 9285000 | 9284983 | 17 |
| വികസനഫണ്ട് -ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 6101000 | 6101000 | 6100834 | 166 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 4570000 | 4570000 | 4570000 | 0 |
| CFC ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്* | 264988 | 1709000 | 1973988 | 1312198 | 661790 |
| CFC ഗ്രാന്റ്-ടൈഡ് ഗ്രാന്റ് | 1695049 | 2563000 | 4258049 | 2554139 | 1703910 |
| ICDS കേന്ദ്രവിഹിതം | 715776 | 637164 | 1352940 | 513680 | 839260 |
| TSC | 9730 | 330000 | 339730 | 330000 | 9730 |
| MGNREGS | 1647 | 25849299 | 25850946 | 25849088 | 1858 |
| Health Grant | 0 | 381332 | 381332 | 376361 | 4971 |
| ഗുണഭോക്തൃവിഹിതം | 16153 | 861845 | 877998 | 862811** | 15187 |
| Donation Related To Pandemic And Epidemic Expenditure | 5442 | 0 | 5442 | 0 | 5442 |

* വാർഷിക ധനകാര്യ പത്രികയിലെ RP- 30 പ്രകാരം CFC BASICഗ്രാന്റ് വരവ് 1797652/- ആണ്.. എന്നാൽ ബാങ്ക് അക്കൗണ്ടിൽ ( അക്കൗണ്ട് നം - 1587101020044കനറാ ബാങ്ക് ,കല്ലുവഴി ) പ്രകാരം 1709000/- ആണ്. വ്യത്യാസം തുക 88562/- ഉറവിടത്തിൽ നിന്ന് കുറവു ചെയ്തതാണ്.

** ഗുണഭോക്തൃവിഹിതം പലിശ ഉൾപ്പെടെയുള്ള തുകയാണ് ചെലവു ചെയ്തിരിക്കുന്നത്. ചെലവ് തുക വാർഷിക ധനകാര്യ പത്രികയിലെ 1-6 മായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 154 | 76211208 | 128 | 56945903 | 0 | 26 | 83.11 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 2499935 | 2229286 | 89.17 |
| വെറ്ററിനറി സർജൻ | 6 | 6 | 1905000 | 1904980 | 99.99 |
| മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി | 9 | 9 | 2007321 | 2001451 | 99.7 |
| സെക്രട്ടറി | 38 | 33 | 6901772 | 5625232 | 81.2 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 4 | 2264284 | 1537665 | 67.9 |
| മെഡിക്കൽ ഓഫീസര്ആയുർവേദം | 3 | 3 | 1075000 | 1073914 | 99.8 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 663740 | 576870 | 86.9 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 56 | 39 | 16082209 | 11156058 | 69.3 |
| വി.ഇ.ഒ | 16 | 16 | 39386947 | 27698257 | 70.3 |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 7 | 7 | 2810000 | 2531051 | 90.07 |
| ഹെഡ്മാസ്റ്റർ | 4 | 4 | 615000 | 611139 | 99.37 |
| ആകെ | 154 | 128 | 76211208 | 56945903 | 74.72 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1647 | 946657 | 948304 | 946446 | 1858 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 24902642 | 24902642 | 24902642 | - |
| ആകെ | 1647 | 25849299 | 25850946 | 25849088 | 1858 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3641600 | 322 |

| | | |
|---|---|---|
| വിധവാപെൻഷൻ | 7891400 | 725 |
| വാർദ്ധക്യകാലപെൻഷൻ | 13110400 | 1321 |
| വികലാംഗപെൻഷൻ | 2365200 | 216 |
| അവിവാഹിത പെൻഷൻ | 1156200 | 108 |
| തൊഴിൽ രഹിത വേതനം | 1920 | 2 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 0 | 0 |

1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.09.2023 ന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തി. 3341/- രൂപയുടെ വരവ് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം തൃപ്തികരമാണ്. അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ബില്ലുകളുടെ പകർപ്പുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡണ്ട് ഇവർ ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്.

ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല.ഗ്രാമ പഞ്ചായത്തിന്റെ രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിൽ ശ്രദ്ധചെലുത്തുന്നുണ്ട് എങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ 2022-23 വരെ ലഭ്യമായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

1-10 മറ്റു ഓഡിറ്റുകൾ നടത്തിയ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.11.22 | സെപ്റ്റംബർ ,ഒക്ടോബര് 2022 | 15-11-2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.04.2010മുതൽ 20.04.2010 | 01.04.2005 മുതൽ 31.03.2010 വരെ | 01.06.2010 |

1-11 ലൈസൻസ് - അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ, 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232, 233, 234 236, GO(P) No 80/2017/LSGD Dt 31.10.2017 എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള നിയമവ്യവസ്ഥകൾക്കും സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി സൂക്ഷിക്കേണ്ടതായ രജിസ്റ്ററുകൾ, അനുബന്ധ രേഖകൾ, ലൈസൻസ് ഫീ പിരിവ്, പണം അടവാക്കൽ എന്നിവയുടെ കൃത്യത പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

1-11-1 ലൈസൻസ് ഫീസിന്റെ കൃത്യത ഉറപ്പാക്കിയിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനത്തിന്റെ മൂലധനത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുകയോ സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ തരം ഏതാണെന്നോ രേഖപ്പെടുത്തിയതായി കാണുന്നില്ല. മൂലധന നിക്ഷേപം രേഖപ്പെടുത്താതെ ലൈസൻസ് ഫീസ് നിശ്ചയിച്ചത് എപ്രകാരമെന്ന് വ്യക്തമല്ല. ലൈസൻസിനായി അപേക്ഷ നൽകുമ്പോൾതന്നെ ചട്ട വ്യവസ്ഥ പ്രകാരമുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതും തുടർന്ന് ചട്ടവ്യവസ്ഥ പ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതുമാണ്.

1-11-2 ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്റ്റ് പട്ടിക 3 പ്രകാരം മൃഗങ്ങളുടെ കശാപ്പ്, മാംസം, മൽസ്യം, എളുപ്പത്തിൽ കേടുവരുന്ന മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ വിൽപ്പന മുതലായവ നിയന്ത്രിക്കുക, ഭക്ഷണശാലകളെ നിയന്ത്രിക്കുക, ഭക്ഷണത്തിൽ മായം ചേർക്കുന്നത് തടയുക എന്നിവ ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽപ്പെടുന്നവയാണ്. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക 5 ൽ ക്ലിയറൻസ് ആവശ്യമായ വ്യവസായങ്ങളായി ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്നവയെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് ക്ലിയറൻസ് ലഭ്യമാക്കാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത് എന്ന് കാണുന്നു. ഏതാനം സ്ഥാപനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റ പേര് |
|---|---|---|
| 1 | 163 | ശ്രീ ഭദ്ര വെജ് ഹോട്ടൽ |
| 2 | 148 | അൽ മദീന കാറ്ററിംഗ് സർവീസ് |
| 3 | 129 | കിണാശ്ശേരി കാറ്ററിംഗ് സർവീസ് |
| 4 | 120 | കിഴക്കേപ്പാടം കാറ്ററിംഗ് സർവീസ് |
| 5 | 111 | ശിവശക്തി ഹോട്ടൽ |
| 6 | 84 | ധന്യ ഹോട്ടൽ |
| 7 | 61 | ശ്രീ കുറുംബ ഹോട്ടൽ |
| 8 | 54 | ഹോട്ടൽ സിറ്റി |
| 9 | 15 | സി.കെ ബേക്കറി & |

| | | |
|---|---|---|
| | | ഹോട്ടൽ |

ചട്ട വ്യവസ്ഥകൾ പാലിച്ച് മാത്രം ലൈസൻസ് അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതും ആവശ്യമായ ക്രമീകരണം ഈ വിഷയത്തിൽ ഉറപ്പുവരുത്തേണ്ടതുമാണ്.

1-11-3 ലൈവ്സ്റ്റോക്ക് ഫാമുകൾ- അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല ഗ്രാമപഞ്ചായത്തിൽ ലൈവ് സ്റ്റോക്ക് ഫാം പ്രവർത്തനത്തിന് അനുമതി നൽകുന്നതെന്നാണ് കാണുന്നത്. ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം ഒരു ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുവാനോ അതിനുവേണ്ടിയുള്ള കെട്ടിടമോ ഷെഡ്ഡോ നിർമ്മിക്കുവാനോ ഉദ്ദേശിക്കുന്ന ഏതൊരാളും ഈ ആവശ്യത്തിലേക്ക് ഗ്രാമപഞ്ചായത്തിന്റെ അനുമതിക്കു വേണ്ടി ഫാറം 1-ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും അപേക്ഷയിൽ, ഫാമിൽ വളർത്താനുദ്ദേശിക്കുന്ന മൃഗങ്ങളുടെ അഥവാ പക്ഷികളുടെ ഇനങ്ങളും എണ്ണവും, ഈ ആവശ്യത്തിലേയ്ക്ക് ലഭ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം, നിർമ്മിച്ചതോ നിർമ്മിക്കാനുദ്ദേശിക്കുന്നതോ ആയ കെട്ടിടത്തിന്റെ അഥവാ ഷെഡ്ഡിന്റെ വിവരണം (തറ വിസ്തീർണ്ണം ഉൾപ്പെടെ), ഉദ്ദേശിക്കുന്ന മാലിന്യനിർമ്മാർജ്ജന ക്രമീകരണങ്ങൾ, ചുറ്റുവട്ടത്തുള്ള ജനവാസത്തെപ്പറ്റിയുള്ള വിവരണം എന്നീ കാര്യങ്ങൾ ഉണ്ടായിരിക്കേണ്ടതും കെട്ടിടങ്ങളുടെയും ഷെഡ്ഡുകളുടെയും പ്ലാനും സ്ഥലത്തിന്റെ സ്കെച്ചും ഉള്ളടക്കം ചെയ്യേണ്ടതുമാണ്. അപേക്ഷ കിട്ടി മുപ്പതുദിവസം അവസാനിക്കുന്നതിനുമുമ്പ് അപേക്ഷയിൻമേൽ സെക്രട്ടറി അനുമതി നൽകുകയോ നിഷേധിക്കുകയോ ചെയ്യേണ്ടതും അനുമതി നൽകിക്കൊണ്ടോ നിഷേധിച്ചുകൊണ്ടോ ഉള്ള ഉത്തരവ് രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതും അതിനുശേഷം ആദ്യം ചേരുന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗത്തിന്റെ മുമ്പാകെ വിശദാംശങ്ങൾ സഹിതം അവതരിപ്പിക്കേണ്ടതുമാണ്. ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുന്നതിന് 6-ാം ചട്ടപ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനുമതി ലഭിച്ചിട്ടുള്ള ഏതൊരാളും, ഇതിലേക്കാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയശേഷം ഫാം നടത്തുന്നതിനുള്ള ലൈസൻസിനായി ഫാറം 2-ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും സെക്രട്ടറി ആവശ്യമായ അന്വേഷണം നടത്തി നിബന്ധനകൾ അപേക്ഷകൻ പൂർണ്ണമായി പാലിച്ചിട്ടുണ്ടെന്ന് തനിക്ക് ബോദ്ധ്യപ്പെടുന്നപക്ഷം, അപേക്ഷിച്ച പ്രകാരം, ഫാറം 3-ൽ ലൈസൻസ് നൽകുകയോ കാരണങ്ങൾ വ്യക്തമാക്കിക്കൊണ്ട് രേഖാമൂലം അപേക്ഷ നിരസിക്കുകയോ ചെയ്യേണ്ടതാണ്. 2022-23 വർഷം താഴെ പറയുന്ന ഫാമുകൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ചട്ടപ്രകാരമുള്ള മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ലൈസൻസ് അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്.

| ക്രമ നം. | പേര് | ലൈസൻസ് നം. | ഫാമിന്റെ തരം | കാറ്റഗറി |
|---|---|---|---|---|
| 1 | ഇബ്രാഹിം.സി.പി | 3 | പോൾട്രി ഫാം | കാറ്റഗറി - 4 |
| 2 | ഹംസ.കെ.ടി | 13 | പോൾട്രി ഫാം | കാറ്റഗറി - 4 |
| 3 | ജോർജ് മുതൽപേർ | 23 | പന്നി ഫാം | കാറ്റഗറി - 5 |
| 4 | മുഹമ്മദ് കുട്ടി | 26 | പോൾട്രി ഫാം | കാറ്റഗറി - 4 |
| 5 | അലി അബ്ദുൾ ലത്തീഫ് | 37 | പോൾട്രി ഫാം | കാറ്റഗറി - 4 |
| 6 | കുഞ്ഞീതു.എം | 138 | പോൾട്രി ഫാം | കാറ്റഗറി - 4 |

ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ, ചട്ടം 10 പ്രകാരം സെക്രട്ടറിയും മറ്റ്

ഉദ്യോഗസ്ഥരും ലൈവ്സ്റ്റോക്ക് ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെയോ പക്ഷികളുടേയോ എണ്ണം തിട്ടപ്പെടുത്തുന്നതിനോ, ഫാമിന്റെ ഉടമസ്ഥൻ അഥവാ നടത്തിപ്പുകാരൻ ഈ ചട്ടങ്ങളിലോ ഗ്രാമ പഞ്ചായത്തിന്റെ അനുമതിയിലോ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനോ വേണ്ടി ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരം പരിശോധന നടത്തിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 15/23.09.2023 ന് മറുപടി ലഭ്യമായില്ല.

## 1-12 തൊഴിൽ നികുതി-അപാകതകൾ

2022-23 വർഷത്തിലെ തൊഴിൽ നികുതി പിരിച്ചെടുക്കുന്നതു സംബന്ധിച്ച രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-12-1 സ്ഥാപന തൊഴിൽ നികുതി പിരിച്ചെടുത്തില്ല

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ വകുപ്പ് 204, 205 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർധവർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനത്തിലെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല എന്ന് കണ്ടെത്തി.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കാലയളവ് (അർദ്ധവർഷം) |
|---|---|---|
| 1 | കനറാ ബാങ്ക്, കല്ലുവഴി | 1 & 2 |
| 2 | മാവേലി സ്റ്റോർ | 1 & 2 |
| 3 | മുണ്ടൂർകോട് പാൽസൊസൈറ്റി | 1 & 2 |
| 4 | എവർഗ്രീൻ എന്റെർപ്രൈസസ് | 1 & 2 |
| 5 | ചെറുമല ക്വാറി | 1 &2 |
| 6 | പാൽ സൊസൈറ്റി, കല്ലുവഴി | 2 |
| 7 | പാൽ സൊസൈറ്റി, കാട്ടുകുളം | 1 &2 |
| 8 | പൂക്കോട്ട്കാവ് പഞ്ചായത്ത് സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് | 1 &2 |
| 9 | പൂക്കോട്ട്കാവ് അഗ്രി.ഇംപ്രൂവ്മെന്റ് സൊസൈറ്റി | 1 &2 |

മേൽ വിവരിച്ച സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

### 1-12-2 സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 205 ഐ പ്രകാരം സെക്രട്ടറി, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ, ഒന്നോ അതിലധികമോ വർഷത്തേക്കായി സൂക്ഷിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തിലുള്ള നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടെയും പേര്, മറ്റ് വിവരങ്ങൾ ഉൾകൊള്ളിച്ചുകൊണ്ട് ഒരു സ്ഥാപന രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഇത്തരം സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 1996-ലെ കേരള

പഞ്ചായത്ത്രാജ് (തൊഴിൽ നികുതി ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി ഈടാക്കാവുന്നതാണ്. എന്നാൽ സ്ഥാപനരജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ എല്ലാ സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കാനോ വ്യാപാരികളുടെ തൊഴിൽ നികുതി ഇനത്തിലെ വരവിന്റെ കൃത്യത പരിശോധിച്ചുറപ്പിക്കാനോ കഴിഞ്ഞിട്ടില്ല. അതിനാൽ സ്ഥാപന രജിസ്റ്റർ തയ്യാറാക്കി വിവരം അറിയിക്കേണ്ടതാണ്.

1-13 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം അവലോകനം

1.ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനുട്ട്സ് പരിശോധനയിൽ പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല എന്നാണ് കാണുന്നത്.

2.ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനതു വരുമാനങ്ങൾ നിശ്ചിത സമയത്തിനകം സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തന്നാണ്ടിലെയോ വരവിനങ്ങൾ സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ലെന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടുള്ളതായി മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

3.മാസംതോറും ഉള്ള വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയിൽ ചർച്ചചെയ്ത് അംഗീകരിച്ചുവരുന്നുണ്ട്.

4. 11.05.2022 ലെ തീരുമാനം(3)പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ കെട്ടിടങ്ങളുടെ വിസ്തീർണ്ണത്തിൽ (വസ്തു നികുതി നിർണ്ണയത്തിന് ശേഷം) മാറ്റം വരുത്തിയിട്ടുണ്ടോ എന്ന പരിശോധന വാർഡ് മെമ്പർമാരുടെ സഹായത്തോടെ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അതേ തീയതിയിലെ തീരുമാനം(2)പ്രകാരം ഗ്രാമപഞ്ചായത്തിലെ വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തുന്നതിനും പരിശോധന നടത്തുന്നതിനായി വാർഡ് തല അന്വേഷണ ഉദ്യോഗസ്ഥൻമാരെയും ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥൻമാരെയും ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചിരുന്നു. തൻമൂലം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്താനും നടപടികൾ എടുക്കാനും സാധിച്ചിട്ടുണ്ട്. 2021-22 വർഷം 106 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിരുന്നത്. എന്നാൽ ഇത് 2022-23 വർഷം 167 സ്ഥാപനങ്ങളായി വർദ്ധിച്ചിട്ടുണ്ട്. ഇത് സാധ്യമായത് ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ ശ്ലാഘനീയമായ പ്രവർത്തനങ്ങൾ കാരണമാണ് എന്ന് ന്യായമായും കരുതാവുന്നതാണ്.

5. സ. ഉ(കൈ) നം. 117/2022/LSGD /01.06.2022 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നികുതി പിരിവിന്റെയും നികുതിയിതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും അവതരിപ്പിക്കേണ്ടതാണെങ്കിലും നിലവിൽ ഇത്തരം അവലോകനങ്ങൾ നടത്തിവരുന്നില്ല.

അതിനാൽ തനത് വരുമാനം താരതമ്യേന കുറവുള്ള പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ ഉതകുമാറ് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടൽ തുടർന്നും ഉറപ്പുവരുത്തേണ്ടതാണ്.

1-14 വസ്തു നികുതി പരിഷ്കരണം-അവലോകനം

1.തദ്ദേശസ്വയംഭരണവകുപ്പിന്റെ സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 – വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/10-4-2023) – കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കിന്റെ വിജ്ഞാപനം എന്നീ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ച് 08.05.2023 ലെ 2(2) നമ്പർ കമ്മിറ്റി തീരുമാനപ്രകാരം 10.05.23 ന് കരട് വിജ്ഞാപനം ചെയ്ത് ആക്ഷേപം സ്വീകരിച്ച് 26.08.2023ലെ 2(2) നമ്പർ തീരുമാനപ്രകാരം അന്തിമമാക്കിയിട്ടുണ്ട്. ആയത് വെബ്സൈറ്റിൽ പ്രസിദ്ധികരിച്ചിട്ടുള്ളതും 2023 സെപ്റ്റംബർ 2 ലെ മാതൃഭൂമി പത്രത്തിൽ വിജ്ഞാപനം പരസ്യപ്പെടുത്തിയിട്ടുള്ളതുമാണ്

2.വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷനോ ഡാറ്റാ പ്യൂരിഫിക്കേഷനോ

നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ലാത്തതാണ്. സോഫ്റ്റ്‌വെയർ അപ്‌ഡേഷൻ നടപടി പൂർത്തീകരിക്കാത്തതിനാൽ നിലവിലെ നിരക്കിൽ നികുതി ഈടാക്കി വരുന്നു.

3. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിങ്ങ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ, എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതും ഒരു വീടിന് 30 രൂപ നിരക്ക് അനുവദിക്കാവുന്നതുമാണ്. നിലവിൽ വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിച്ചിട്ടില്ല. ഇതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. റോഡ് മാപ്പ് തയ്യാറാക്കാത്തതിനാൽ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ്, ഇളവ് എന്നിവ പരിശോധിക്കുന്നതിന് സാധിച്ചില്ല.

സേവന ഉപനികുതി

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവുവിളക്കുകൾ, ഡ്രൈനേജ് തുടങ്ങിയവ) നിലവിൽ ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നില്ല. ആയതിനുള്ള സാധ്യത ഭരണ സമിതിപരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

അതിനാൽ ചട്ടങ്ങൾ പാലിച്ചും സർക്കാർ ഉത്തരവായതനുസരിച്ചും വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നത് ത്വരിതപ്പെടുത്തേണ്ടതാണ്.

1-15 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര നൽകൽ- അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 146/23,<br>പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര |
| അടങ്കൽ | 1,96,470/- (പട്ടിക ജാതി) |
| ചെലവ് | 1,96,470/-<br>(ബിൽ നമ്പർ- 12/10.02.2023- 148444/-<br>15/30.03.23- 48026/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

പഞ്ചായത്ത് പരിധിയിലെ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനസഹായിയായി മേശയും കസേരയും നൽകുക എന്നതാണ് മേൽ പ്രോജക്റ്റ് ലക്ഷ്യമിടുന്നത്. മേൽ പദ്ധതി നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

സ.ഉ(കൈ) നം.115/2022/തസ്വഭവ/ തി.28/05/2022 നമ്പർ സബ്സിഡി മാർഗരേഖ ഖണ്ഡിക 7.2.6 പ്രകാരം ഒരു വിദ്യാർത്ഥിക്ക് പഠനകാലയളവിൽ ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാവൂ എന്നും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ അർഹരല്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കൂളിലെ ഹെഡ് മാസ്റ്റർ നൽകിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ മേശ, കസേര എന്നിവ നൽകിയിട്ടുണ്ട്. എന്നാൽ ടി വിദ്യാർത്ഥികൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് ഉറപ്പാക്കുന്നതിനാധികാരികമായ രേഖകൾ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/23.09.2023) ന് മറുപടി ലഭിച്ചില്ല. മേൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-16 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി ആനുകൂല്യം വർഷം മുഴുവനും ലഭ്യമായില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ നമ്പർ | 92/23 |
| പ്രോജക്റ്റിന്റെ പേര് | ക്ഷീരകർഷകർക്ക് പാലിന് ഇൻസന്റീവ് |
| നിർവഹണോദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| അടങ്കൽ | 490000/-(വികസന ഫണ്ട്- 340000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 100000/- ജില്ലാ പഞ്ചായത്ത് വിഹിതം- 50000/-) |
| ചെലവ് | (വികസന ഫണ്ട്-340000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 100000/- ജില്ലാ പഞ്ചായത്ത് വിഹിതം- 50000/-) |
| ബിൽ നമ്പർ തീയതി | 1 മുതൽ 14 വരെ |

ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകരുടെ ഉന്നമനം ലക്ഷ്യമാക്കിയും പാലുൽപാദനം വർദ്ധിപ്പിക്കുക എന്ന

നേട്ടം കൈവരിക്കുന്നതിനുമായി ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെ ക്ഷീരസംഘത്തിൽ പാലളക്കുന്ന എല്ലാ ക്ഷീരകർഷകർക്കും ലിറ്റർ ഒന്നിന് പരമാവധി 3 രൂപ നിരക്കിൽ സബ്സിഡി നല്കുന്നതിനാണ് ഈ പ്രോജക്റ്റ് വിഭാവനം ചെയ്തിട്ടുള്ളത്. ഒരു വ്യക്തിക്ക് പരമാവധി 40,000/- രൂപ മാത്രവും ഒരു റേഷൻകാർഡിൽ ഉൾപ്പെട്ടവരെ ഒരു കുടുംബമായി പരിഗണിച്ച് ഒരു കുടുംബത്തിലെ ഒരാൾക്ക് മാത്രമേ സബ്സിഡി അനുവദിക്കുകയുള്ളൂ എന്നതിന്റെ അടിസ്ഥാനത്തിലും ത്രിതലപഞ്ചായത്ത് വകയിരുത്തിയിട്ടുള്ള തുകയിൽനിന്നും കർഷകർക്ക് സബ്സിഡി നല്കിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ പ്രൊജക്റ്റ് ലക്ഷ്യം വച്ച പ്രകാരം ആനുകൂല്യം മുഴുവൻ മാസങ്ങളിലും മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിൽ 5 ക്ഷീര സഹകരണസംഘങ്ങളുടെ കീഴിലുള്ളവർക്ക് ഏപ്രിൽ 2022 മുതൽ സെപ്റ്റംബർ 2022 വരെ മാത്രമാണ് ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടുള്ളത് എന്നാണ് കണ്ടെത്തിയത്. പ്രോജക്റ്റിൽ വിഭാവനം ചെയ്തിട്ടുള്ളത് പോലെ സാമ്പത്തിക വർഷം മുഴുവനുമായി ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടില്ല. മുഴുവൻ കാലയളവിലേക്കും ആവശ്യമായ തുക വകയിരുത്തി ആനുകൂല്യം നൽകാതിരുന്നതിനും ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം കൂടുതൽ വകയിരുത്താത്തതിനും വ്യക്തത വരുത്തി നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(14/23.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്റ്റ് ലക്ഷ്യം വച്ച പ്രകാരം ആനുകൂല്യം മുഴുവൻ മാസങ്ങളിലും നൽകാൻ വേണ്ട ശ്രമങ്ങളുണ്ടാവേണ്ടതാണ്.

1-17 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല – തുടർ നടപടി സ്വീകരിക്കേണ്ടതാണ്

ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത എസ് സി ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു. സ.ഉ. (എം.എസ്) 362/2013 ത.സ്വ.ഭ.വ തീയതി 16.11.2013 ലെ ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾ ഭവന നിർമ്മാണം സമയ ബന്ധിതമായി പൂർത്തിയാക്കുമെന്നും, 12 വർഷത്തേക്ക് കൈമാറ്റം ചെയ്യില്ലെന്ന് കരാറിൽ ഏർപ്പെടണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാറിലെ ഖണ്ഡിക 4 പ്രകാരം കരാർ ചമച്ച് 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്നും, ഖണ്ഡിക 7 ൽ പ്രവൃത്തി നിർവ്വഹിക്കാത്ത പക്ഷം 12% പലിശ സഹിതം കൈപ്പറ്റിയ തുക തിരിച്ചടവാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 08/23.09.2023) നൽകിയ മറുപടി പട്ടികയിലെ റിമാർക്സ് കോളത്തിൽ ചേർക്കുന്നു.

എസ് സി

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ആകെ തുക | കൈപ്പറ്റാൻ ബാക്കി നിൽക്കുന്ന തുക | അവസാനം തുക കൈപ്പറ്റിയ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | ബാലകൃഷ്ണൻ, S/o ചാമി (ലൈഫ് ഐഡി - 940992) | 380000 | 20000 | 22.10.2022 | വാതിൽ, വയറിംഗ്, കക്കൂസ് പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് അവസാന ഗഡു നൽകുന്നതാണ്. |
| 2 | രതീഷ്, S/o ഇറ (ലൈഫ് ഐഡി - 955945) | 140000 | 260000 | 04.01.2023 | മേൽക്കൂര കഴിഞ്ഞു ബാക്കി പുരോഗമിക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| 3 | മോഹൻദാസ്, S/o രാമൻ (ലൈഫ് ഐഡി - 936324) | 140000 | 260000 | 04.01.2023 | ലിന്റൽ കഴിഞ്ഞു ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 4 | ചന്ദ്രമോഹൻ, S/o രാമൻ (ലൈഫ് ഐഡി - 961628) | 140000 | 260000 | 04.01.2023 | ലിന്റൽ കഴിഞ്ഞു ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 5 | സന്ദീപ് S/o കറുപ്പൻ (ലൈഫ് ഐഡി - 961372) | 180000 | 220000 | 17.01.2023 | മേൽക്കൂര കഴിഞ്ഞു ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 6 | കൃഷ്ണദാസ്, S/o ചെറിയ അയ്യപ്പൻ (ലൈഫ് ഐഡി - 966104) | 340000 | 60000 | 30.11.2023 | മേൽക്കൂര കഴിഞ്ഞു ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 7 | ചന്ദ്രൻ S/o ചാമി (ലൈഫ് ഐഡി - 979088) | 40000 | 360000 | 07.02.2023 | ലിന്റൽ കഴിഞ്ഞു ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 8 | സജിത W/o രാജേഷ് (ലൈഫ് ഐഡി - 979086) | 40000 | 360000 | 07.02.2023 | മേൽക്കൂര കഴിഞ്ഞു ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 9 | ശാന്ത W/o ഉണ്ണികൃഷ്ണൻ, കാവിൽകുന്ന് ലക്ഷം വീട് | 380000 | 20000 | 19.10.2022 | വാതിൽ, വയറിംഗ്, കക്കൂസ് പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് അവസാന ഗഡു നൽകുന്നതാണ്. |
| 10 | ഉണ്ണികൃഷ്ണൻ S/o സുബ്രഹ്മണ്യൻ, കക്കേങ്ങാട്ടുകുണ്ടിൽ | 300000 | 100000 | 30.05.2023 | വാതിൽ, വയറിംഗ്, കക്കൂസ് പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് അവസാന ഗഡു നൽകുന്നതാണ്. |

എസ് ടി

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ആകെ തുക | കൈപ്പറ്റാൻ ബാക്കി നിൽക്കുന്ന തുക | അവസാനം തുക കൈപ്പറ്റിയ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | ശശി, S/o കുഞ്ഞാപ്പൻ (ലൈഫ് ഐഡി - 968537) | 200000 | 200000 | 30.11.2022 | മേൽക്കൂര കഴിഞ്ഞു ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു. |

ഓഡിറ്റ് നിർദ്ദേശം

1) ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ഭവന നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് ബാക്കി നൽകുവാനുള്ള തുക അനുവദിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-18 ഹരിത കർമ്മസേനയുടെ പ്രവർത്തനം - അവലോകനം

15.07.2017 ലെ സ.ഉ(സാധാ)നം.2420/17/തസ്വഭവ പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും 02.08.2020 ലെ സ.ഉ(സാധാ)നം.1496/2020/തസ്വഭവ പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1) ഹരിതകർമ്മസേനയുടെ രൂപീകരണം

ഗ്രാമപഞ്ചായത്ത് പ്രദേശം മാലിന്യമുക്തമാക്കുന്നതിനായി ഹരിതകർമ്മസേനയുടെ നേതൃത്വത്തിലുള്ള ശുചിത്വ പരിപാലന പ്രവർത്തനങ്ങൾ ഓഗസ്റ്റ് 2019 മുതലാണ് ആരംഭിച്ചത്. നിലവിൽ 6 ക്ലസ്റ്ററുകളിലായി 13 പേരാണ് മാലിന്യ പരിപാലന പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത്.

2) യൂസർഫീ ഈടാക്കൽ

പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ ആകെ 13 വാർഡുകളാണുള്ളത്. പഞ്ചായത്ത് പരിധിയിൽ സഞ്ചയയിലെ വിവരങ്ങൾ പ്രകാരം 5287 വീടുകളും 500 ഓളം കടമുറികളുമുണ്ട്. നിലവിൽ യൂസർഫീയായി വീടുകളിൽനിന്ന് 50/- രൂപയും കടകളിൽനിന്ന് 100/- രൂപയുമാണ് ഈടാക്കുന്നത്. വേതനം, ഹരിതകർമ്മസേനയുടെ മറ്റുചെലവുകൾ എന്നിവക്കായി ഇത് ഉപയോഗിക്കുന്നു.

ഹരിതകർമ്മസേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനായി പഞ്ചായത്ത് പരിധിയിലെ എല്ലാ ഗുണഭോക്താക്കളിൽ നിന്നും യൂസർ ഫീ ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

3) വയബിലിറ്റി ഗ്യാപ്പ് ഫണ്ട്

തൻവർഷം വയബിലിറ്റി ഗ്യാപ്പ് ഫണ്ട് അനുവദിച്ചിട്ടില്ല.

4) മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF)

പഞ്ചായത്തിൽ വാർഡ് 11 ലെ പട്ടിശ്ശീരിയിൽ MCF പ്രവർത്തിച്ച് വരുന്നു. വിവിധ വാർഡുകളിൽ നിന്നും

ശേഖരിച്ച അജൈവമാലിന്യങ്ങൾ പഞ്ചായത്തിലെ 13 സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മിനി MCF ൽ എത്തിച്ച് താൽക്കാലികമായി സൂക്ഷിക്കുകയും പിന്നീട് MCF ലേക്ക് മാറ്റുകയുമാണ് ചെയ്യുന്നത്. ജലലഭ്യത, വൈദ്യുതീകരണം, ബൈലിംഗ് യൂണിറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ MCF ൽ സജ്ജമാക്കിയിട്ടുണ്ട്.

5) റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)

ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ ആർ.ആർ.എഫ് പഞ്ചായത്തിൽ വാർഡ് 11 ലെ പട്ടിശ്ശീരിയിൽ പ്രവർത്തിച്ച് വരുന്നു.

6) ഹരിത സഹായ സ്ഥാപനം

ഹരിത സഹായ സ്ഥാപനത്തെ തെരഞ്ഞെടുത്തതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ഹരിത സഹായ സ്ഥാപനത്തിന്റെ പേര് | കാലയളവ് | നിശ്ചയിച്ച വാർഷിക തുക | ഭരണ സമിതി തീരുമാനം നം., തീയതി |
|---|---|---|---|
| IRTC, മുണ്ടൂർ | 2022-23 | 22042 | 2(1)/18.03.2023 |

എന്നാൽ ഹരിത സഹായ സ്ഥാപനത്തിന്റെ പ്രവർത്തന റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഹരിത സഹായ സ്ഥാപനത്തിന്റെ പ്രവർത്തനം വിലയിരുത്തേണ്ടതും പ്രവർത്തന റിപ്പോർട്ടുകൾ ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

7) എം സി എഫിലെ ലെഗസി മാലിന്യം നീക്കം ചെയ്യൽ

എം സി എഫിലെത്തിക്കുന്ന പുന:ചംക്രമണ സാധ്യതയില്ലാത്ത കൂട്ടിക്കലർത്തിയ മാലിന്യങ്ങൾ സംസ്കരണ കേന്ദ്രത്തിലേക്ക് കൊണ്ടുപോയി സംസ്കരിക്കുന്നതിനായി പഞ്ചായത്ത് M.R.M Eco Solutions Pvt. Ltd. എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. തൻവർഷം നാല് തവണകളായി ആകെ 12580 കിലോ ലെഗസി മാലിന്യങ്ങൾ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്.

8) 'ഹരിത മിത്രം' ഗാർബേജ് മോണിറ്ററിംഗ് ആപ്പ് .

മാലിന്യ ശേഖരണം, സംസ്കരണം എന്നിവ ഡിജിറ്റലൈസ് ചെയ്യുന്നതിനായുള്ള 'ഹരിത മിത്രം' ഗാർബേജ് മോണിറ്ററിംഗ് ആപ്പിന്റെ പ്രവർത്തനത്തിനായി പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ക്യൂ ആർ കോഡ് സ്റ്റിക്കറുകൾ പതിപ്പിക്കുന്നതിനായി കെൽട്രോണുമായി എഗ്രിമെന്റ് വെച്ചിട്ടുണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

ഗാർബേജ് ആപ്പിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

9) ഹരിതകർമ്മസേനയുടെ കൺസോർഷ്യ അക്കൗണ്ടിലെ നീക്കിയിരിപ്പ് .

ഹരിതകർമ്മസേനയ്ക്ക് രണ്ട് അക്കൗണ്ടുകൾ നിലവിലുണ്ട്.

| ക്രമം നം. | അക്കൗണ്ട് നം. | ബാങ്കിന്റെ പേര് | നീക്കിയിരിപ്പ് |
|---|---|---|---|
| 1 | 110139754102 | കാനറാ ബാങ്ക്, കല്ലുവഴി ശാഖ | 19.09.2023 ലെ നീക്കിയിരിപ്പ് 60450 രൂപ |
| 2 | SRE0050430000120 | ശ്രീകൃഷ്ണപുരം സർവ്വീസ് സഹകരണബാങ്ക്, മംഗലാംകുന്ന്ശാഖ | 07.01.2023 ലെ നീക്കിയിരിപ്പ് 500 രൂപ |

ഹരിതകർമ്മസേനയുടെ ഇടപാടുകൾക്ക് നിലവിൽ കാനറാ ബാങ്ക് അക്കൗണ്ടാണ് ഉപയോഗിക്കുന്നത്. ഉപയോഗിക്കാത്ത ശ്രീകൃഷ്ണപുരം സർവ്വീസ് സഹകരണ ബാങ്കിലെ അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതും തുക

കാനറാ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുകയും ചെയ്യേണ്ടതാണ്.

10) ഹരിതകർമ്മസേനയുടെ ആവശ്യത്തിനായി തൻവർഷം നടപ്പിലാക്കിയ പദ്ധതികൾ

| ക്രമ നം. | പ്രൊജക്റ്റ് നം., പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 133/23, ഹരിതം 2022 - ഹരിത കർമ്മസേന – ദുർബല വിഭാഗങ്ങളുടെ യൂസർ ഫീസ് നൽകൽ | 600000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) | 473850 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) |
| 2 | 134/23, ഹരിതം 2022 – എം സി എഫിലെ ലെഗസി മാലിന്യം നീക്കം ചെയ്യൽ | 150000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) | 113220 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) |
| 3 | 133/23, ഹരിതം 2022 - ഹരിത കർമ്മസേന – വാഹന വാടക | 150000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) | 67656 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) |
| 4 | 126/23, ഹരിതം 2022 – ഹരിത സഹായ സ്ഥാപനത്തിന് കൺസൾട്ടേഷൻ ഫീസ് നൽകൽ | 310693 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) | 310693 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) |
| 5 | 127/23, ഹരിതം 2022 – വിവിധ കേന്ദ്രങ്ങളിൽ സി സി ടിവി സ്ഥാപിക്കൽ | 120549 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) | 119400 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) |
| 6 | 156/23, ഹരിതം 2022 – സമ്പൂർണ്ണ ശുചിത്വ പഞ്ചായത്ത് | 70907 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) | 23196 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) |

ഓഡിറ്റ് നിർദ്ദേശം

1. ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃതമായി ക്രമീകരിക്കേണ്ടതാണ്.

2. ഹരിത സഹായ സ്ഥാപനത്തിന്റെ പ്രവർത്തനം വിലയിരുത്തേണ്ടതും പ്രവർത്തന റിപ്പോർട്ടുകൾ ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

3. യൂസർ ഫീ, ഹരിതകർമ്മസേന നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസ് എന്നിവ ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ വരവ് വെച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്. മൂന്ന് തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4. എം.സി.എഫിൽ നിന്നും തരംതിരിച്ച് മാറ്റുന്ന അജൈവ മാലിന്യങ്ങൾ സ്ഥിരമായി നീക്കം ചെയ്യുന്നതിനുള്ള കോ-ഓർഡിനേഷൻ ശക്തമാക്കേണ്ടതാണ്.

5. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഉത്പാദിപ്പിക്കുന്ന കമ്പോസ്റ്റ്, സ്ലെറി എന്നിവ കാർഷികാവശ്യത്തിന് നൽകുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

6. മാലിന്യ ശേഖരണം, സംസ്കരണം എന്നിവ ഡിജിറ്റലൈസ് ചെയ്യുന്നതിനായുള്ള 'ഹരിത മിത്രം' ഗാർബേജ് മോണിറ്ററിംഗ് ആപ്പിന്റെ പ്രവർത്തനം ആരംഭിച്ച് കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

7. 'ദുർബല വിഭാഗങ്ങളുടെ യൂസർ ഫീസ് നൽകൽ' പദ്ധതി പ്രകാരം അർഹരായവർക്ക് മാത്രം ആനുകൂല്യം നൽകേണ്ടതും കൂടുതൽ ഗുണഭോക്താക്കളിൽ നിന്നും യൂസർ ഫീ പിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

8. ശ്രീകൃഷ്ണപുരം സർവ്വീസ് സഹകരണ ബാങ്കിലെ അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതും തുക കാനറാ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുകയും ചെയ്യേണ്ടതാണ്.

9. മാലിന്യ സംസ്കരണ മേഖലയിൽ വി.ഇ.ഓമാർ/മറ്റ് ഉദ്യോഗസ്ഥർ സർക്കാർ ഉത്തരവനുസരിച്ചുള്ള ചുമതലകൾ നിറവേറ്റുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 വീട് വാസയോഗ്യമാക്കൽ - പദ്ധതി ഭേദഗതി വരുത്താതെ അധിക തുക അനുവദിച്ചിരിക്കുന്നു

| | |
|---|---|
| പ്രൊജക്ട് നം., പേര് | 61/23, വീട് വാസയോഗ്യമാക്കൽ (പട്ടികജാതി) |
| അടങ്കൽ | 630000/- രൂപ (വികസന ഫണ്ട് - എസ് സി പി) |
| ചെലവ് | 560000/- രൂപ<br>1. ബിൽ നം. 58/22-23/03.02.2023 – 50000 രൂപ<br>2. ബിൽ നം. 62/22-23/09.02.2023 – 20000 രൂപ<br>3. ബിൽ നം. 63/22-23/17.02.2023 – 25000 രൂപ<br>4. ബിൽ നം. 67/22-23/16.03.2023 – 310000 രൂപ<br>5. ബിൽ നം. 70/22-23/23.03.2023 – 50000 രൂപ<br>6. ബിൽ നം. 71/22-23/25.03.2023 – 35000 രൂപ<br>7. ബിൽ നം. 72/22-23/27.03.2023 – 20000 രൂപ<br>4. ബിൽ നം. 73/22-23/29.03.2023 – 50000 രൂപ |
| നിർവഹണം | വി ഇ ഓ |

പഞ്ചായത്തിലെ വാസയോഗ്യമല്ലാത്ത 18പട്ടിക ജാതി വിഭാഗം വീടുകൾ അറ്റകുറ്റപണികൾ നടത്തി വാസയോഗ്യമാക്കാൻ ത.സ്വ.ഭ.വകുപ്പ് ഓവർസിയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ഒരു

ഗുണഭോക്താവിന് പരമാവധി 35000 രൂപ നിരക്കിൽ ആകെ 630000 രൂപ അനുവദിക്കലാണ് പദ്ധതി ലക്ഷ്യം.

എന്നാൽ പദ്ധതി പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് 35000 രൂപയിൽ കൂടുതൽ അനുവദിച്ചതായി കാണുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ബിൽ പ്രകാരം നൽകിയ തുക | അംഗീകാരം ലഭിച്ച പദ്ധതി പ്രകാരം നൽകാവുന്ന പരമാവധി തുക | കൂടുതൽ നൽകിയ തുക |
|---|---|---|---|---|
| 1 | കുമാരൻ S/o ചിന്നൻ, കാക്കേങ്ങാട്ടുകുണ്ടിൽ | 40000 | 35000 | 5000 |
| 2 | ശാരദ W/o രാമൻ, മണ്ണാൻതൊടിപ്പറമ്പിൽ | 75000 | 35000 | 40000 |
| 3 | കുട്ടിത്തങ്ക W/o ചാത്തൻ, കോട്ടക്കുളം | 75000 | 35000 | 40000 |

അംഗീകാരം ലഭിച്ച പദ്ധതി പ്രകാരം നൽകാവുന്ന പരമാവധി തുകയെക്കാൾ കൂടുതൽ തുക അനുവദിക്കുവാനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/23.09.2023) അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള തുകയിൽ അധികരിക്കാത്ത തുകയാണ് മാറി നൽകിയതെന്നും പദ്ധതി ഭേദഗതി ചെയ്യാൻ വിട്ടുപോയതു കാരണം ഗുണഭോക്താക്കളുടെ എണ്ണവും യൂണിറ്റ് തുകയും മാറ്റം വരുത്തുവാൻ സാധിച്ചില്ലെന്നുമുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

പദ്ധതികൾ യഥാസമയം ഭേദഗതി വരുത്തി അംഗീകാരം ലഭ്യമായതിന് ശേഷം മാത്രം അധിക തുക അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-20 കടുങ്ങൽ ചിറ അങ്കണവാടി വൈദ്യുതി കണക്ഷൻ നൽകൽ- ഡെപ്പോസിറ്റ് പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

2022-23 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി കടുങ്ങൽ ചിറ അംഗനവാടി വൈദ്യുതി കണക്ഷൻ നൽകൽ പ്രവൃത്തി നടപ്പാക്കുന്നതിനായി കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്, അമ്പലപ്പാറ ഇലക്ട്രിക്കൽ സെക്ഷന്റെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക 25000/- രൂപ ഡെപ്പോസിറ്റ് പ്രവൃത്തിക്കായി കൈമാറിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം. | പ്രോജക്ട് നം. | ബിൽ നം. , ബിൽ തിയ്യതി | ബിൽ തുക | പ്രൊജക്ട് അടങ്കൽ | ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം |
|---|---|---|---|---|---|
| 1 | 130/23 കടുങ്ങൻചിറ അങ്കണവാടിക്ക് വൈദ്യുതി കണക്ഷൻ | 204/ 21.12.23 | 25000 MG(NR) | 25000 | KSEB, AMBALAPARA |

| | | | | | |
|---|---|---|---|---|---|
| | | നൽകൽ | | | |

മേൽ സൂചിപ്പിച്ച പ്രവൃത്തികൾ പൂർത്തീകരിച്ച വിവരം, കെ.എസ്.ഇ.ബി. അമ്പലപ്പാറ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായ വിവരം എന്നിവ അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/21.09.23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കട്ടുങ്ങൽ ചിറ അങ്കണവാടി വൈദ്യുതി കണക്ഷൻ നൽകൽ പ്രവൃത്തി പൂർത്തികരിച്ച് കെ.എസ്.ഇ.ബി.വിനിയോഗ സാക്ഷ്യപത്രം സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റിവയ്ക്കൽ- ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

2022-23 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി പൂക്കോട്ടുകാവ് ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ റോഡ് വികസനവുമായി ബന്ധപ്പെട്ടതും പൊതു ഗതാഗതത്തിന് തടസ്സം നിൽക്കുന്നതുമായ ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി വയ്ക്കുന്നതിന് കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്, അമ്പലപ്പാറ ,ശ്രീകൃഷ്ണപുരം , കോതകുറിശ്ശി ,ചെർപ്പുളശ്ശേരി ഇലക്ട്രിക്കൽ സെക്ഷന്റെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക 188523/- രൂപ വിവിധ ഇലക്ട്രിക് സെക്ഷനുകൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തിയ്ക്കായി കൈമാറിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം. | പ്രോജക്ട് നം. | ബിൽ നം. , ബിൽ തിയ്യതി | ബിൽ തുക | പ്രൊജക്ട് അടങ്കൽ | ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം |
|---|---|---|---|---|---|
| 1 | 12/23 ഇലക്ട്രിക് പോസ്റ്റ് മാറ്റി വയ്ക്കൽ | 219/ 28.12.22 | 174966/- (77058/- | 200000 CFC | KSEB, അമ്പലപ്പാറ |
| | | | 32170/- | | KSEB, കോതകുറിശ്ശി |
| | | | 65738/-) | | KSEB, ശ്രീകൃഷ്ണപുരം |
| 2 | | 233/ 03.01.23 | 5371/- | | KSEB, കോതകുറിശ്ശി |
| 3 | | 463/ 31.03.23 | 8186/- | | KSEB, ചെർപ്പുളശ്ശേരി |

മേൽ സൂചിപ്പിച്ച ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റിവയ്ക്കാൻ പ്രവൃത്തികൾ പൂർത്തീകരിച്ച വിവരം , അതാത് കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷനിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായ വിവരം എന്നിവ അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/23.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച പ്രവൃത്തി പൂർത്തികരിച്ച് കെ.എസ്.ഇ.ബി.വിനിയോഗ സാക്ഷ്യപത്രം സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 ലൈഫ് ഭവന പദ്ധതി - വീട് പണിപൂർത്തീകരിച്ച ഗുണഭോക്താക്കൾ - തുടർനടപടി സ്വീകരിക്കേണ്ടതാണ്

1. വീട് പണിപൂർത്തീകരിച്ച ഗുണഭോക്താക്കളുടെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല

ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് സ.ഉ.(ആർ.ടി)നം.3218/18/ത.സ്വ.ഭ.വ തീയതി 21.12.2018 പ്രകാരം കരാർ ചമയ്ക്കുമ്പോൾ 40000 രൂപ, തറയുടെ പണി പൂർത്തിയാക്കുമ്പോൾ 160000 രൂപ, ലിന്റൽ വാർപ്പ് വരെ 100000 രൂപ, മേൽക്കൂര പൂർത്തിയാക്കി വീട് വാസയോഗ്യമാക്കുമ്പോൾ 100000 രൂപ എന്നിങ്ങനെയാണ് ഗഡുക്കൾ നൽകേണ്ടത്. എന്നാൽ വീട് പണിപൂർത്തീകരിച്ച് അവസാന ഗഡു

കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കൾക്ക് പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ അനുവദിച്ചതിന്റെയും ഓണർഷിപ്പ് സർട്ടിഫിക്കറ്റ് നൽകിയതിന്റെയും രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതുമൂലം യഥാർത്ഥ ലൈഫ് ഗുണഭോക്താവിന്റെ പേരിൽ തന്നെയാണോ പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളതെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ സാധിക്കുന്നില്ല.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ആകെ തുക | അവസാനം തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | പാറുകുട്ടി, W/o വേലായുധൻ (ലൈഫ് ഐഡി - 966124) | 400000 | 10.03.2023 |
| 2 | പദ്മനാഭൻ S/o ശങ്കുണ്ണി (ലൈഫ് ഐഡി - 965737) | 400000 | 20.03.2023 |
| 3 | അജിത്ത്കുമാർ, S/o അയ്യപ്പൻ, കുറുൾപറമ്പ് | 400000 | 30.11.2022 |
| 4 | മോഹനൻ, S/o കൃഷ്ണൻ, പാലപറമ്പിൽ | 400000 | 30.11.2022 |
| 5 | കല്ല്യാണികുട്ടി, D/o ഉണ്ണ്യക്കൻ, നീലൻചിറ | 400000 | 30.11.2022 |
| 6 | സുബ്രഹ്മണ്യൻ S/o ഇറ, പറമ്പത്ത്പള്ളിയാൽ | 400000 | 30.11.2022 |
| 7 | മണികണ്ഠൻ, S/o ചെല്ലി, വാഴക്കോട് | 400000 | 30.11.2022 |
| 8 | രാജേഷ് S/o ചന്ദ്രൻ, പൂതങ്കോട്ടുപറമ്പിൽ | 400000 | 30.11.2022 |
| 9 | ഉണ്ണികൃഷ്ണൻ S/o കൃഷ്ണൻകുട്ടി, നല്ലൂർതൊടി | 400000 | 04.01.2023 |
| 10 | കുഞ്ഞിമാളു, D/o കോരൻ, കിളങ്ങിൻതൊടി | 400000 | 30.11.2022 |

2. വീട് പണിപൂർത്തീകരിച്ച ഗുണഭോക്താക്കളെ സാംഖ്യയിൽ നിന്നും ഒഴിവാക്കിയിട്ടില്ല

വീട് പണിപൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടുള്ള എല്ലാ ഗുണഭോക്താക്കളും നിലവിലും സാംഖ്യയിലെ ലൈഫ് ഗുണഭോക്താക്കളുടെ പട്ടികയിൽ ഉള്ളതായി കാണുന്നു. ഇതുമൂലം വീണ്ടും തുക

കൈമാറാനുള്ള സാധ്യത നിലനിൽക്കുന്നു.

വീട് പണിപൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളെ സാംഖ്യയിലെ ലൈഫ് ഗുണഭോക്താക്കളുടെ പട്ടികയിൽ നിന്നും ഒഴിവാക്കുവാനുള്ള സാധ്യത പരിശോധിച്ചിട്ടില്ല. ലൈഫ് ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് പദ്ധതി പ്രകാരം നൽകാവുന്ന പരമാവധി തുക മാത്രം നൽകാൻ കഴിയുന്ന തരത്തിൽ സാംഖ്യയിൽ ക്രമീകരണം നടത്തിയിട്ടില്ല.

മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/23.09.2023) വീട് പണിപൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളുടെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിക്കുന്നതാണെന്നും, സാംഖ്യയിൽ നിന്നും റിമൂവ് ചെയ്യുവാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. വീട് പണിപൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളുടെ പേരിൽ തന്നെയാണ് പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ അനുവദിക്കുന്നതെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനായി ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

2. മേൽ പട്ടിക പ്രകാരമുള്ള ഗുണഭോക്താക്കളുടെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് നൽകേണ്ടതാണ്.

3. ലൈഫ് പദ്ധതിയുടെ മോണിറ്ററിംഗ് കർശനമാക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പ് തലത്തിൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തേണ്ടതുമാണ്.

4. വീട് പണിപൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളെ സാംഖ്യയിലെ ലൈഫ് ഗുണഭോക്താക്കളുടെ പട്ടികയിൽ നിന്നും നീക്കം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

5. ഓരോ പദ്ധതിയുടേയും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട വ്യക്തിക്ക് മാത്രം അതത് പദ്ധതികളുടെ ആനുകൂല്യം നൽകാവുന്ന രീതിയിൽ സോഫ്റ്റ്‌വെയറുകളിൽ മാറ്റം വരുത്തുന്നതിന് ശിപാർശ നൽകാവുന്നതാണ്. കൂടാതെ ഒരു ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് അതത് പദ്ധതികളിൽ നൽകാവുന്ന പരമാവധി തുക മാത്രം നൽകാൻ കഴിയുന്ന തരത്തിലും ക്രമീകരണം ഉണ്ടാകേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-23 കുടിവെള്ളപദ്ധതികളുടെ യീൽഡ് ടെസ്റ്റ്- നടത്തിയതിന്റെ വിവരം ലഭ്യമല്ല

2022-23 വർഷം പൂക്കോട്ടുകാവ് ഗ്രാമ പഞ്ചായത്തിന്റെ വിവിധ കുടിവെള്ള പദ്ധതികളുടെ കുഴൽകിണറുകളിൽ നിന്നും ജലലഭ്യത പരിശോധിക്കുന്നതിന് ആവശ്യമായ തുകയുടെ എസ്റ്റിമേറ്റ് ജില്ലാ ഓഫീസർ ,ജില്ലാ ഭൂജലവകുപ്പ് പാലക്കാടിൽ നിന്ന് ലഭ്യമായതിന്റെ (13.09.22 ലെ നം GWPK/1545/2022) അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് തനതുഫണ്ടിൽ നിന്ന് തുക 22500/- നൽകുകയും (ചെക്ക് നം 269244,തീയതി,27.10.22) പിന്നീട് കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് തുക റീക്കൂപ്പ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഒരു കുടിവെള്ള പദ്ധതിക്ക് 7500വീതം താഴെ പറയുന്ന 3കുടിവെള്ളപദ്ധതികൾക്കാണ് യീൽഡ് ടെസ്റ്റിന് തുക നൽകിയിരിക്കുന്നത്

1) മങ്ങാട്ടുപറമ്പ് കുടിവെള്ള പദ്ധതി

2) കരുവാൻ പറമ്പ് കുടിവെള്ളപദ്ധതി

3) വടക്കേമഠം കോളനി കുടിവെള്ള പദ്ധതി

വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | ബിൽ നം. , ബിൽ തിയ്യതി | ബിൽ തുക | പ്രൊജക്ട് അടങ്കൽ | റിമാർക്സ് |
|---|---|---|---|---|---|
| 1 | പ്രൊജക്ട് നം-128/23 | Xvc/2022-23/p/52 | 22500/- | 200000 | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ |

| | | | | | |
|---|---|---|---|---|---|
| | പ്രൊജക്റ്റ് -വിവിധ കുടിവെള്ള പദ്ധതികളുടെ യീൽഡ് ടെസ്റ്റിനായി തുക നൽകൽ | ,17.03.23 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | | അക്കൗണ്ടിലേക്ക് റീക്രൂപ്പ് ചെയ്തു |

താഴെ സൂചിപ്പിക്കുന്ന കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (3/21.09.23)നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

1) കുടിവെള്ള പദ്ധതികളുടെ പ്രോജക്റ്റുകളുടെ ഭാഗമായി യീൽഡ് ടെസ്റ്റിനുള്ള ഇനം ഉൾപ്പെടുത്തുകയും ടി പ്രോജക്റ്റിന്റെ ഫണ്ട് അലോക്കേഷനിൽ നിന്ന് ആയതിനുള്ള ചെലവ് നിർവ്വഹിക്കേണ്ടതുമാണ്. ആയതിന് പകരം പല കുടിവെള്ള പദ്ധതികൾ ഒരുമിച്ച് ചേർത്ത് ആയതിന്റെ യീൽഡ് ടെസ്റ്റിന് തുക ചെലവഴിക്കുന്നത് ക്രമപ്രകാരമല്ല. ആയതിനു മറുപടി ലഭ്യമാക്കിയതിൽ കുടിവെള്ള പദ്ധതിയിൽ യീൽഡ് ടെസ്റ്റ് ഉൾപ്പെടുത്തിയാൽ സാങ്കേതികാനുമതി നേടി ടെണ്ടർ നടത്തി എഗ്രിമെന്റ് നടപടികൾ പൂർത്തികരിച്ചശേഷം മാത്രമേ ലഭ്യതാ പരിശോധനാ നടത്താൻ കഴിയുകയുള്ളൂ എന്നതിനാൽ സമയബന്ധിതമായും സുഗമമായും നടപ്പിലാക്കാനുംവേണ്ടിയാണ് യീൽഡ് ടെസ്റ്റ് ആദ്യം നടത്തിയത്എന്നതാണ്. എന്നാൽ അത്തരത്തിൽ നടത്തിയിട്ടും പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

2) മേൽ സൂചിപ്പിച്ച കുടിവെള്ളപദ്ധതികളിൽ കരുവാൻപറമ്പ് കുടിവെള്ള പദ്ധതിയുടെ പമ്പിംങ്ങ്ടെസ്റ്റ് റിപ്പോർട്ട് മാത്രമാണ് 03.11.22ലെ ഭൂജല വകുപ്പിന്റെ കത്ത് നം GWPK/1684/22 പ്രകാരം ലഭ്യമായിട്ടുള്ളത്. മങ്ങാട്ടുപറമ്പ് കുടിവെള്ള പദ്ധതിയുടെ ടെണ്ടർ ക്ഷണിച്ചതിൽ (ടെണ്ടർ റജിസ്റ്റർ പേജ് നം. 35, ) ആരും പങ്കെടുത്തിട്ടില്ല. വടക്കേമഠം കോളനി കുടിവെള്ള പദ്ധതി ടെണ്ടർ ക്ഷണിച്ചിട്ട് പോലുമില്ല. കുടിവെള്ള പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിക്കുക പോലും ചെയ്യാതെ ഈൽഡ് ടെസ്റ്റിന് തുക ഡെപ്പോസിറ്റ് ചെയ്തത് ക്രമപ്രകാരമല്ല.മറുപടി പ്രകാരം ഒരു കുടിവെള്ള പദ്ധതിക്കു മാത്രമേ പരിശോധനാ റിപ്പോർട്ട് ലഭ്യമായിട്ടുള്ളൂ എന്നും ശേഷിക്കുന്ന രണ്ട് പദ്ധതികളും പരിശോധന നടത്തിയിട്ടില്ലെന്നുമാണ്. മുൻകൂട്ടി ആസൂത്രണം ചെയ്യാതെ യീൽഡ് ടെസ്റ്റ് നടത്താൻ ഭൂജല വകുപ്പിന് നൽകിയ തുക നാളിതുവരെയായിട്ടും ഉപയോഗപ്പെടുത്താത്ത സാഹചര്യത്തിൽ വകുപ്പിൽ നിന്ന് തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തുടർവിവരം അറിയിക്കേണ്ടതാണ്.

## 1-24 ആയുർവേദ ഡിസ്പെൻസറിയിലേക്ക് സാധന സാമഗ്രികൾ വാങ്ങൽ - അപാകങ്ങൾ

| | |
|---|---|
| പ്രൊജക്റ്റ് നം., പേര് | 147/23, ആയുർവേദ ഡിസ്പെൻസറിയിലേക്ക് സാധന സാമഗ്രികൾ വാങ്ങൽ |
| അടങ്കൽ | 50000 രൂപ (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 49120 രൂപ (1. ബിൽ നം. 06/22-23 /21.03.2023 - 44370 രൂപ, 2. ബിൽ നം. 08/22-23/28.03.2023 - 4750 രൂപ) |
| നിർവഹണം | മെഡിക്കൽ ഓഫീസർ (ആയുർവേദം) |

ആയുർവേദ ഡിസ്പെൻസറി ISO നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങലാണ് പദ്ധതി ലക്ഷ്യം.

പദ്ധതി പ്രകാരം താഴെ പറയുന്ന ചെലവുകൾക്ക് തുക മാറി നൽകിയിട്ടുണ്ട്.

| ക്രമ | ഇൻവോയ്സ് | തുക | സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നം. | നം./തീയതി | | | |
| 1 | OLG-C/2223001990 /28.02.2023 | 9900 | ഹൈകോൺ ഇന്ത്യ ലിമിറ്റഡ് | ഇൻവെർട്ടർ ചെലവ് |
| 2 | OLG-C/2223001988 /28.02.2023 | 15000 | ഹൈകോൺ ഇന്ത്യ ലിമിറ്റഡ് | ബാറ്ററി ചെലവ് |
| 3 | 22-23/B /38/10.03.2023 | 19470 | സോഫ്റ്റ് ഹബ് | ടോക്കൺ ഡിസ്‌പ്ലേ സിസ്റ്റം ചെലവ് |
| 4 | 460/21.03.2023 | 4200 | ഡിസൈനർ & ഓഫ്സെറ്റ് പ്രിന്റേഴ്സ് | 1. ഓ പി ടിക്കറ്റ് (70 Nos) – 3550 രൂപ<br>2. ഫയൽ ഫ്ലാപ് (200 Nos) – 450 രൂപ |
| 5 | B2262/21.03.2023 | 550 | നവരത്ന ഡിജിറ്റൽ | ക്ലോക്ക് (2 Nos) ചെലവ് |
| ആകെ | | 49120 രൂപ | | |

പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ആയുർവേദ ഡിസ്പെൻസറിക്ക് ISO സർട്ടിഫിക്കറ്റ് ലഭിച്ചതിന്റെ/ലഭിക്കാനായി സ്വീകരിച്ചിട്ടുള്ള തുടർ നടപടികളുടെ വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. ആയുർവേദ ഡിസ്പെൻസറി ISO നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങലാണ് പദ്ധതി ലക്ഷ്യം. എന്നാൽ 'ആയുർവേദ ഡിസ്പെൻസറി ഓഫീസിലെ ആവർത്തന ചെലവുകൾ' എന്ന പദ്ധതി പ്രകാരം വാങ്ങേണ്ട ഓ പി ടിക്കറ്റുകൾ, ഫയൽ ഫ്ലാപുകൾ എന്നിവയുടെ ചെലവുകൾ ടി പദ്ധതി പ്രകാരം മാറി നൽകിയിരിക്കുന്നു (മേൽ പട്ടികയിലെ ക്രമ നം. 4).

3. പതിനാലാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.04.2022 ലെ സ.ഉ(കൈ)നം. 84/2022/തസ്വഭവ) ഖണ്ഡിക 14 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/23.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. ആയുർവേദ ഡിസ്പെൻസറിക്ക് ISO സർട്ടിഫിക്കറ്റ് ലഭിച്ചതിന്റെ/ലഭിക്കാനായി സ്വീകരിച്ചിട്ടുള്ള തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

2. പദ്ധതികളുടെ ലക്ഷ്യത്തിനനുസൃതമായ യഥാർത്ഥ ചെലവുകൾക്ക് മാത്രം തുക മാറി നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

3. പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് മോണിറ്ററിംഗ് കമ്മിറ്റികൾ വിലയിരുത്തേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതികളുടെ ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

1-25 പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെസൂചിപ്പിക്കുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകി യിട്ടും പിഴ ഈടാക്കിയിട്ടില്ല

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual ലെയും കരാറുകാരനും അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

പ്രവൃത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയതിന് താഴെസൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാനുവലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

Fines For Extension Of Time

| Period | Rate Of Fine |
|---|---|
| First Extension ( Shall Not Exceed 25% Of The Original Time Or Six Months Whichever Is Less) | 1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000 |
| Beyond First Extension | 2% Of The PAC Subject To A Minimum Of Rs. 2000 And Maximum Of Rs. 100000 |

പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടും പിഴ ഈടാക്കാത്ത പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) പ്രോജക്റ്റിന്റെ നം. , പേര് : SO 44/22- ആറ്റുപുറം ത്രിവിക്രമപുരം റോഡ് റീടാറിങ്

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | ആകെ 355444<br>ബിൽ നം.-24/11-8-2022-231750/-<br>ബിൽ നം.-25/25-3-2023-123694/- |
| കരാർ നം., അളവു പുസ്തകം: | 32/AE/LSGD /PKV/31-3-2022, MB No. 56/21 |
| പി.എ.സി. | 352529 |
| കരാറുകാരൻ: | ബിനു എബ്രഹാം |
| സ്ഥലം കൈമാറിയ തീയ്യതി. | 31-3-2022 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 31-9-2022, |
| പൂർത്തീകരിച്ച തീയ്യതി: | 24-2-2023 |

| | |
|---|---|
| ഈടാക്കേണ്ട പിഴ (3%) | 10575 |
| ഈടാക്കിയത് | 1104 |
| ഈടാക്കിയതിൽ കുറവ്: | 9471 |

പ്രവൃത്തി പൂർത്തീകരണത്തിനായി 6മാസം അനുവദിച്ചിട്ടുള്ള ( ടെക്നിക്കൽ സാങ്ഷൻ പ്രകാരം) ഈ പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകുകയും പിഴയില്ലാതെ പ്രവൃത്തിയുടെ പൂർത്തീകരണസമയം 31-12-2022വരെ ദീർഘിപ്പിക്കുന്നതിന് ഭരണസമിതി തീരുമാനം (നം 1(14)/ 31-10-2022) എടുക്കുകയും ചെയ്തിട്ടുണ്ട്. വീണ്ടും പ്രവൃത്തി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകുകയും 1% പിഴയോടു കൂടി പ്രവൃത്തിയുടെ പൂർത്തീകരണസമയം 28-2-2023വരെ ദീർഘിപ്പിക്കുന്നതിന് ഭരണസമിതി തീരുമാനം (നം 4(10)/ 3-1-2023) എടുക്കുകയും ചെയ്തിട്ടുണ്ട്. മരാമത്ത് ചട്ടങ്ങൾ പ്രകാരം ഇടാക്കേണ്ട പിഴയേക്കാൾ കുറവ് നിരക്കിൽ തുക ഈടാക്കിയത് ക്രമപ്രകാരമല്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/21-9-2023) ലഭ്യമാക്കിയ മറുപടിയിൽ ഭരണസമിതി ഒരു പ്രാവശ്യം പിഴയില്ലാതെ സമയം ദീർഘിപ്പിച്ച് നൽകിയെന്നും വീണ്ടും പൂർത്തീകരണ സമയം ദീർഘിപ്പിക്കാൻ ആവശ്യപ്പെട്ടപ്പോൾ 1%പിഴ ഈടാക്കാൻ തീരുമാനിച്ചു എന്നും സൂചിപ്പിച്ചിട്ടുണ്ട്. മറുപടി അംഗീകരിക്കത്തക്കതല്ല. ആയതിനാൽ പിഴ ഇനത്തിൽ ഈടാക്കാൻ ബാക്കിയുള്ള തുക 9471/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. കരാറുകാരനിൽ നിന്നും തുക ഈടാക്കുന്നതു വരെ 9471/-രൂപ ഫൈനൽ ബിൽ അനുവദിക്കുമ്പോൾ കരാറുകാരന്റെ ബാധ്യതാ തുക കിഴിക്കാതെ ബിൽ അനുവദിച്ചു നൽകിയ എഞ്ചിനീയറുടെ ബാധ്യതയായി ഓഡിറ്റിൽ നിശ്ചയിക്കുന്നു.

## 1-26 ഇ-ടെൻണ്ടർ ഫീസ് തനത്ഫണ്ടിൽ യഥാസമയം അടവാക്കിയിട്ടില്ല

അസി. എൻജിനിയർ ഇ-ടെൻണ്ടർനടത്തുമ്പോൾ ടെൻണ്ടർ ഫീ അടവാക്കുന്നതിന് ദേശസാൽകൃത ബാങ്കിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്ന് സ.ഉ.(സാധാ) നം.3186/17 ത.സ്വ.ഭ.വ, തീയ്യതി. 2-10-2017 സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ ഈ അക്കൗണ്ടിൽ വരവ് ഉണ്ടാകുന്ന തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ , അസി.എൻജിനിയർ ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീ അടവാക്കുന്നതിന് ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടിൽ (നം. 37249943563- SBI, Kalluvazhi) തൻവർഷം മുൻബാക്കി 39259 രൂ. ആണ്. തൻവർഷം ഇ ടെണ്ടർ ഫീസിനത്തിലെ വരവുൾപ്പെടെ 3/2023ൽ ബാലൻസുള്ള 49470രൂ. സാമ്പത്തിക വർഷാവസാനം വരെ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(7/21-9-2023) ലഭ്യമാക്കിയ മറുപടിയിൽ ബാലൻസുള്ള മുഴുവൻ തുകയും 5/2023 ൽ തനതുഫണ്ടിൽ അടവാക്കിയിട്ടുണ്ട് എന്ന് അറിയിച്ചു. സാമ്പത്തിക വർഷാവസാനം തന്നെ ഈ ഇനത്തിലുള്ള തുകകൾ തനത് ഫണ്ടിൽ അടവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-27 കുടിവെള്ള പ്രോജക്ടുകളിൽ സബ്സിഡി മാർഗനിർദേശങ്ങൾ പാലിച്ചിട്ടില്ല

താഴെ സൂചിപ്പിക്കുന്ന കുടിവെള്ള പ്രോജക്ടുകളിൽ സബ്സിഡി മാർഗനിർദേശങ്ങൾ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ നം. , പേര് : | SO 48/23- മലയിൽ ആന്തൂർപ്പള്ളം കുടിവെള്ള പദ്ധതി |
| അടങ്കൽ , ഫണ്ടിനം | 200000, ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ്: , ബിൽ നം. , തീയ്യതി | 199952, 2/16-7-2022, Rs. 199952/- |
| കരാർ നം., അളവു | 28/AE/LSGD/PKV/15-3-2022, MB |

| | |
|---|---|
| പ്രോജക്ടിന്റെ നം. , പേര് : | SO 48/23- മലയിൽ ആഞ്ഞൂർപ്പള്ളം കുടിവെള്ള പദ്ധതി |
| പുസ്തകം: | No. 25/21 |
| കരാറുകാരൻ: | എം.എം. ജോൺ |

സ.ഉ.(കൈ) നം. 115/2022/തസ്വഭവ, തീയ്യതി. 28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗനിർദേശങ്ങളിൽ ഖണ്ഡിക 6.6 ന്റെ തുടർച്ചയായുള്ള നിർദേശങ്ങളിൽ പൊതു ടാപ്പുകൾ നൽകാൻ പാടില്ലാത്തതാണ് എന്നും ഹൗസ് കണക്ഷനുകൾ പ്രോത്സാഹിപ്പിക്കണം എന്നും നിർദേശിക്കുന്നു. കൂടാതെ ഹൗസ് കണക്ഷനുകൾ ഗുണഭോക്താക്കൾ തന്നെ എടുക്കണം എന്നും നിർദേശിക്കുന്നു. ടി പ്രോജക്ടിൽ ഹൗസ് കണക്ഷനുകൾ നൽകിയിരിക്കുന്നു. എന്നാൽ ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃവിഹിതം പിരിക്കുകയോ അവരെ ഗ്രാമസഭയിലൂടെ തിരഞ്ഞെടുക്കുകയോ ചെയ്തിട്ടില്ല.

-- ഗുണഭോക്തൃ സമിതിയുമായി എഗ്രിമെന്റ് വെച്ചിട്ടില്ല. പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ് തന്നെ ഗുണഭോക്തൃസമിതിയുമായി കരാറിൽ ഏർപ്പെടണം എന്ന നിബന്ധന പാലിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 6/21-09-2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കില്ലെന്നും, ഗുണഭോക്തൃസമിതിയുമായി കരാർ വയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും ഗുണഭോക്താക്കൾ അധികവും BPL വിഭാഗത്തിലും സാമൂഹികമായി പിന്നോക്കാവസ്ഥയിൽ ഉള്ളവരാണെന്നുമാണ് അറിയിച്ചത്. ഗുണഭോക്തൃസമിതിയുമായി കരാർ വച്ച് കുടിവെള്ള പദ്ധതി കൈമാറുന്നതുവരെ ചെലവ് തുക Rs. 199952/- തടസ്സത്തിൽ വെയ്ക്കുന്നു.

## 1-28 പദ്ധതി മാർഗരേഖ, സബ്സിഡി മാർഗരേഖ എന്നിവയിലെ നിബന്ധനകൾ പ്രോജക്ടിൽ പാലിച്ചിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു

ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയിട്ടുള്ള താഴെ സൂചിപ്പിച്ചിട്ടുള്ള പ്രോജക്ടിൽ പദ്ധതി മാർഗരേഖ, സബ്സിഡി മാർഗരേഖ എന്നിവയിലെ നിബന്ധനകൾ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. , പേര് :SO 122/2023- ഊക്കം ഉശിരും -കുട്ടികളുടെ ജീവിത പഠന കളരി

അടങ്കൽ, ഫണ്ടിനം : 90000, വികസന ഫണ്ട്(ജനറൽ)

ബിൽ വിവരങ്ങൾ : നം. 3/19-11-2022, Rs.59139

നം. 5/17-3-2023, Rs.27000

ആകെ. : Rs.86139

കുട്ടികൾക്ക് അവധി ദിനങ്ങൾ ചെലവഴിക്കുന്നതിന് ഒരിടം കണ്ടെത്തുകയും അവരുടെ സർഗാത്മകശേഷിയെ വളർത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളിൽ വ്യാപരിക്കുകയും ചെയ്യുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. കുട്ടികൾ വിവിധ കലാ കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും പ്രവർത്തനങ്ങളെല്ലാം വാർത്താപേപ്പർ ആയി തയ്യാറാക്കുകയും ചെയ്തിരിക്കുന്നു. ആയതിനായുള്ള ഭക്ഷണച്ചെലവും വാർത്താപേപ്പർ പ്രിന്റ് ചെയ്യുന്നതിനുള്ള ചെലവുകളുമാണ് പ്രധാനമായും പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

സ.ഉ. നം. 84/2022, ത.സ്വ.ഭ. വ. തിയ്യതി 19-4-2022 പ്രകാരമുള്ള പദ്ധതി മാർഗരേഖയിൽ ഖണ്ഡിക 8.6ലെ നിർദേശങ്ങളിൽ ടി പ്രോജക്ട് ഉൾപ്പെടുത്താൻ പര്യാപ്തമായ നിബന്ധനകൾ ഇല്ല. സ.ഉ. നം. 115/2022 /ത.സ്വ.ഭ.വ. തിയ്യതി 28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയിൽ ഖണ്ഡിക 7.4പ്രകാരവും വിദ്യാഭ്യാസ മേഖലയിൽ ഏറ്റെടുക്കാൻ കഴിയുന്ന പ്രോജക്ടുകളിൽ ടി പ്രോജക്ടിലെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്താൻ കഴിയില്ല. കൂടാതെ 7.7ൽ പരാമർശിച്ചിട്ടുള്ള കലാ-സാംസ്കാരിക-കായിക വികസനത്തിലും ടി പ്രോജക്ടിലെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്താൻ സാധിക്കില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(4/21-9-2023) ലഭ്യമാക്കിയ മറുപടിയിൽ കുട്ടികളുടെ കലാകായിക കഴിവുകളെ പ്രോത്സാഹിപ്പിക്കാൻ ചെയ്ത പ്രോജക്ട് ആണെന്നും മാർഗരേഖയിലെ നിർദേശങ്ങളിൽ ടി പ്രോജക്ട് ഉൾപ്പെടാത്ത സാഹചര്യത്തിൽ സർക്കാരിൽ നിന്നും സാധൂകരണം വാങ്ങി സമർപ്പിക്കാമെന്നും

അറിയിച്ചിട്ടുണ്ട്.

മേൽസാഹചര്യത്തിൽ സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 86139രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

1-29 ലേലം ചെയ്ത് മുതൽകൂട്ടിയില്ല

പഞ്ചായത്ത് പൊതുമരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട് മുന്നോർക്കോട് വാട്ടർഷെഡ് ഷെഡ് കെട്ടിടം സാംസ്കാരിക കേന്ദ്രമായി ഉയർത്തൽ നവീകരണത്തിന്റെ ഭാഗമായി ലഭിച്ച പഴയ സാധനങ്ങൾ ലേലം ചെയ്യുന്നതിന് എൽ.എസ്.ജി.ഡി (LID&EW) അസിസ്റ്റന്റ് എൻജിനീയർ പൂക്കോട്ടുകാവ് ഗ്രാമ പഞ്ചായത്ത് വാല്വേഷൻ എടുത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്.16/07/2022തിയ്യതിയിലെ പഞ്ചായത്ത് ഭരണ സമിതി യോഗത്തിലെ 20(2) തീരുമാനം അനുസരിച്ച് ഈ വിഷയം യോഗത്തിൽ വിലയിരുത്തി മൂല്യ നിർണ്ണയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ലേലം ചെയ്ത് ലേലതുക തനതുഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ലേലം നടത്തിയ വിവരം ഓഡിറ്റിനു ലഭ്യമാക്കുന്നതിനായി എൻക്വയറി (18/25.09.23)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിവരിച്ച പ്രകാരം ലഭിച്ച പഴയ സാധനങ്ങൾ ലേലം ചെയ്ത് മുതൽക്കൂട്ടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-30 തെരുവുവിളക്ക് പരിപാലനം

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജിനത്തിലും തെരുവുവിളക്കു സ്ഥാപിക്കൽ പ്രവൃത്തികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുക കുറയ്ക്കാൻ/ക്രമപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1) ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 915112/-രൂപ കെ.എസ്.ഇ.ബി അമ്പലപ്പാറ, ശ്രീകൃഷ്ണപുരം, ചെർപ്പുളശ്ശേരി , കോതകുറിശ്ശി ഇലക്ട്രിക്കൽ സെക്ഷനുകളിൽ ആകെ അടവാക്കിയിട്ടുണ്ട്. ഇതു കൂടാതെ ഓഡിറ്റ് കാലയളവിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി വയ്ക്കൽ, തെരുവുവിളക്ക് റിപ്പയറിംങ്ങ് , ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ എന്നിവയ്ക്കായി താഴെ പറയുന്ന ചെലവുകൾ ഗ്രാമ പഞ്ചായത്തിൽ നടന്നിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് നമ്പർ | അടങ്കൽ | ചെലവ് തുക | ഫണ്ട് |
|---|---|---|---|---|
| 1 | 12/23 ഇലക്ട്രിക് പോസ്റ്റ് മാറ്റി വയ്ക്കല് | 200000/- | 188523 | CFC |
| 2 | 3/23സ്ട്രീറ്റ് ലൈറ്റ് റിപ്പയർ | 300000/- | 299698 | CFC |
| 3 | 33/23ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ(SO) | 100000/- | 99710 | CFC |
| 4 | 32/23സ്ട്രീറ്റ് ലൈറ്റ് റിപ്പയർ(SO) | 70275/- | 57720/- | CFC |
| | | | 645651/- | |

തെരുവുവിളക്കു പരിപാലനം ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന ചുമതലയാണെന്നിരിക്കെ തെരുവുവിളക്ക് വൈദ്യുതി ചാർജിനത്തിലും തെരുവു വിളക്കു പരിപാലനവുമായി ബന്ധപ്പെട്ട റിപ്പയർ , ലൈൻ വലിക്കൽ ,

പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്നീ ഇനങ്ങൾക്കുമായി ഗ്രാമ പഞ്ചായത്തിന് വലിയൊരു തുക ചെലവു വരുന്നുണ്ട് . തെരുവുവിളക്ക പരിപാലനം സംബന്ധിച്ച് താഴെ പറയുന്ന വിഷയങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിന് എൻക്വയറി നൽകിയെങ്കിലും (നമ്പർ 19/25-09-2023) മറുപടി ലഭ്യമാക്കിയട്ടില്ല.

1) ഗ്രാമ പഞ്ചായത്തും കെ.എസ്.ഇ.ബി യുമായി സംയുക്തപരിശോധന നടത്തി തെരുവുവിളക്കുകളുടെ വിവരം നിജപ്പെടുത്തിയിട്ടില്ല

2)വാർഡ് അടിസ്ഥാനത്തിൽ ഏതൊക്കെ ഇനങ്ങളിലുള്ള ബൾബുകളാണ് ഉള്ളതെന്ന് തെരുവുവിളക്ക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

3) തെരുവുവിളക്ക് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്ററർ, കേടായ സാധാനങ്ങൾ എഴുതി വയ്ക്കുന്ന രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് രജിസ്റ്റർ, സാമ്പത്തിക വർഷം അവസാനം സ്റ്റോക്ക് ഇൻ രജിസ്റ്ററും സ്റ്റോക്ക് ഔട്ട് രജിസ്റ്ററും റീ കൺസൈൽ ചെയ്ത വിവരം ലഭ്യമല്ല

4) ഗ്രാമ പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുന്നതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്താമെന്ന് ബി.ഒ. (എഫ്. ബി.)നമ്പർ 496 / 2004 (എൽ.ജി /സി.ഒ .എം. 3515/ 98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി ) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് .പഞ്ചായത്തിലെ തെരുവിളക്കുകൾക്ക് മീറ്ററിങ്ങ് സമ്പ്രദായം നടപ്പിലാക്കിയിട്ടില്ല

5. എല്ലാ വാർഡിലുമുള്ള തെരുവുവിളക്കുകൾ ഘട്ടം ഘട്ടമായി മീറ്ററിംങ്ങ് ആക്കാൻ നടപടി സ്വീകരിച്ചതായി കാണുന്നില്ല.
തെരുവുവിളക്ക പരിപാലനം കാര്യക്ഷമമാക്കാൻ മേൽപരാമർശിച്ച അപാകതകൾ പരിഹരിക്കാൻ സത്വരനടപടികളെടുക്കേണ്ടതാണ്. തുടർ വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 15-9-2023 മുതൽ 25-9-2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | മുന്നിരിപ്പ് | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 0 | 30000 | അഗതി കേരളം പദ്ധതിക്കുള്ള ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 30000 |

## 4-3 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | ഡെപ്പോ സിറ്റ് തുക | ബാക്കി |
|---|---|---|---|---|
| കെ.എസ്.ഇ.ബി അമ്പലപ്പാറ | 130/23 കടുങ്ങൻചിറ അങ്കണവാടിക്ക് വൈദ്യുതി കണക്ഷൻ നൽകൽ | 204/ 21.12.23 | 25000 MG(NR) | വിനിയോഗ വിവരം ലഭ്യമായില്ല. |
| കെ.എസ്.ഇ.ബി അമ്പലപ്പാറ(77058) കോതകുറിശ്ശി(32170) ശ്രീകൃഷ്ണപുരം(65738)KSEB, കോതകുറിശ്ശി(5371) KSEB,ചെർപ്പുളശ്ശേരി(8186) | 12/23 ഇലക്ട്രിക് പോസ്റ്റ് മാറ്റി വയ്ക്കൽ | 219/ 28.12.22 233/ 03.01.23 463/ 31.03.23 | 174966/- (77058 +32170+65738) 5371 8186 | വിനിയോഗ വിവരം ലഭ്യമായില്ല. |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻവർഷങ്ങളിലെടുത്ത ലോണിൽ 4016000 രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് നമ്പർ/ | വായ്പ തുക | വർഷാരംഭത്തിൽ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം |
|---|---|---|---|---|---|

| ഉദ്ദേശ്യം | തിയ്യതി | | ബാക്കിയുണ്ടായിരുന്ന തുക | | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 1)GO-2839/22,08.04.22<br>2)GO(6872/22,12.10.22<br>3)GO-1049/23,13.02.23 | ഓഡിറ്റ് വർഷം വായ്പ ഇനത്തിൽ വരവില്ല | 4016000 | 2107904 | - | 1908096 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 3100 രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം./ തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും |
|---|---|---|---|---|---|
| 1 | 2015-16 | 2(2)B-2 | 2500 | 1220102396/10.02.23 | സെക്രട്ടറി,സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, പൂക്കോട്ടുകാവ്,തൊഴിൽനികുതി |
| 2 | 2021-22 | 1-11(B) | 300 | 1220108546/ 25.02.23 | ശിവാനന്ദൻ.വി മാറ്റ്, കല്ലുവഴി ദേവസ്വം, തൊഴിൽ നികുതി |
| 3 | 2021-22 | 11-11(2) | 300 | 1220102623,03.03.23 | ഉഷാദേവി, ഫാർമസിസ്റ്റ് |
| | | | 3100 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

| നം. | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | ₹2227057.50 |
| ഓഡിറ്റ് വർഷത്തെ വരവ് | 27621034.00 |
| ആകെ | 29848091.50 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 26481182.00 |
| നീക്കിയിരിപ്പ് | 3366909.50 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 286091രൂ. |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | നഷ്ടോത്തരവാദിയുടെ പേര് |
|---|---|---|
| 1-27 | 199952രൂ. | ശ്രീമതി.സിത്താര.പി ,അസി.എഞ്ചിനീയർ |
| 1-28 | 86139രൂ. | ശ്രീമതി.ബീന.പി.കെ , ഹെഡ്മിസ്ട്രസ്സ് |
| ആകെ | 286091രൂ. | |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | നഷ്ടോത്തരവാദിയുടെ പേര് |
|---|---|---|
| 1-25 | 9471രൂ. | ശ്രീ.അജിൻ ജേക്കബ് , അസി.എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അജിൻജേക്കബ് അസി.എഞ്ചിനീയർ | കെ.എസ്.ഇ.ബി,തിരുവനന്തപുരം | അജിൻ കോട്ടേജ് പുത്തൂർ പോസ്റ്റ്, കൊല്ലം |
| ശ്രീമതി.സിത്താര.പി ,അസി.എഞ്ചിനീയർ | അസിസ്റ്റന്റ് എൻജിനിയർ കരിമ്പുഴ ഗ്രാമപഞ്ചായത്ത് | ആംസൺ വില്ല, കടമ്പഴിപ്പുറം പോസ്റ്റ്,പാലക്കാട്ജില്ല |
| ശ്രീമതി.ബീന.പി.കെ ഹെഡ്മിസ്ട്രസ്സ് | ജി.എൽ.പി.എസ്. താന്നിക്കുന്ന് | ജ്യോത്സ്ന, മേടത്തിപ്പറമ്പ്, ചെർപ്പുളശ്ശേരി |

4-11 തീർപ്പാക്കാനവശഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ കാര്യാലയത്തിൽ നിന്നും അവസാനം നൽകിയ കത്തിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ. എസ്. എ പി.കെ. ഡി 12/643/22 തീയതി 03.09.2022 ഓഡിറ്റ് അദാലത്ത് 3/22 | 6 |
| 1998-99 | | 1 |
| 1999-00 | | 1 |
| 2001-02 | | 3 |
| 2002-03 | | 4 |
| 2003-04 | | 7 |
| 2004-05 | | 9 |
| 2005-06 | | 6 |
| 2007-08 | | 2 |
| 2008-09 | | 10 |

| | | |
|---|---|---|
| 2009-10& 2010-11 | | 8 |
| 2011-12 | | 9 |
| 2012-13 | കെ.എസ്.എ.പി.കെ.ഡി12/2179 /14/22 തീയതി 26.10.22 | 4 |
| 2013-14& 14-15 | കെ.എസ്.എ.പി.കെ.ഡി12/233 /16/22 തീയതി 26.10.22 | 9 |
| 2015-16 | കെ.എസ്. എ.പി.കെ.ഡി 12/1882/16 തീയതി 06.06.2018, ഫർദർ റിമാർക്സ് | 12 |
| 2016-17 | കെ.എസ്. എ.പി.കെ.ഡി 12/1800/2017 തീയതി 12.03.2018, ഫർദർ റിമാർക്സ് | 9 |
| 2017-18 | കെ.എസ്. എ.പി.കെ.ഡി 12/803/2019 തീയതി 06.01.2020, ഫർദർ റിമാർക്സ് | 20 |
| 2018-19 | കെ.എസ്. എ.പി.കെ.ഡി 12/371/2020 തീയതി 04.09.2020, ഫർദർ റിമാർക്സ് | 18 |
| 2019-20 | കെ.എസ്. എ.പി.കെ.ഡി 12/1638/2021 തീയതി 29.01.2022, ഓഡിറ്റ് റിപ്പോർട്ട് | മുഴുവൻ |
| 2020-21 | കെ.എസ്. എ.പി.കെ.ഡി 12/1639/2021 തീയതി 16.02.2022, ഓഡിറ്റ് റിപ്പോർട്ട് | മുഴുവൻ |
| 2021-22 | കെ.എസ്.എ.പി.കെ.ഡി.12/304/23, തിയ്യതി- 10.04.22ഓഡിറ്റ് റിപ്പോർട്ട് | മുഴുവൻ |

ഡെപ്യൂട്ടി ഡയറക്ടർ

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 24-07-2023 and submitted on 07-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Pookkottukavu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pookkottukavu Grama Panchayat for the year 2022-2023

Date: 21/11/2023

Deputy Director
District Office Palakkad
Kerala State Audit Department

## Audit Report appended to the Audit Certificate of Pookkottukavu Grama Panchayat for the Year 2022-2023.

**1.Major Observations**

1)Asset registers not updated

2)All bank accounts not included in AFS

**2.Other Observations**

1) Cash flow statement-Net increase/decrese in cash flow does not match with the difference between the OB and the CB of cash and cash eqivalents

2) Monthly reconciliation statement not prepared properly for own fund

3)Cheques uncashed for more than 3 months are not transfered to stale cheque account

4)Directly credited by bank -amount not taken into account

5)Advance Register and Deposit Registers not match with AFS. GOVERNMENT/OTHER DUES Register not maintained

6) Details of DCB as per Demand registers not match with AFS. eg-Property Tax, Profession Tax Employee Permit Fee.

5)Cheques deposited are not cleared up to date.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം

## 3-വാർഷിക കണക്കുകളുടെ സംക്ഷിപ്തം

| Pookkottukavu Grama PanchayatRECEIPT&PAYMENTSTATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 2227057.50 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 616440.00 |
| 130000000 | Rental income from Panchayat Properties | RP-3 | 17000.00 |
| 140000000 | Fees & User Charges | RP-4 | 332953.00 |
| 150000000 | Sale & Hire Charges | RP-5 | 81853.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 8062904.00 |
| 171000000 | Interest Earned | RP-9 | 12062.00 |
| 190000000 | Prior Period Income | RP-11 | 1250.00 |
| 210000000 | Establishment Expenses | RP-12 | 0.0 |
| 220000000 | Administrative Expenses | RP-13 | 0.0 |
| 254000000 | Expenditures of Transferred Institutions and State SponsoredSchemes(not included under Decentralised PlanProgramme) | RP-19 | 0.0 |
| 311000000 | Earmarked Funds | RP-28 | 244.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 15525575.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 1922371.00 |
| 460000000 | Loans, Advances and Deposits | RP-49 | 166980.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 9083.00 |
| 340000000 | Deposits Received | RP-33 | 661526.00 |
| 350000000 | Other Liabilities | RP-35 | 210793.00 |
| | Grand total | | 29848091.50 |
| | PAYMENTS | | |
| | Operating | | |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 13763.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 518616.00 |
| 460000000 | Loans, Advances and Deposits | RP-49 | 344240.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 594789.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-35 | 25009774.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 3340399.50 |
| Cash | Cash | RP-40(b) | 26510.00 |
| | Grand Total | | 29848091.50 |

| Pookkottukavu Grama PanchayatINCOME&EXPENDITURESTATEMENT |
|---|

| For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 2565664.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 35600.00 |
| 140000000 | Fee & User Charges | I-4 | 399353.00 |
| 150000000 | Sale & Hire Charges | I-5 | 81853.00 |
| 160000000 | Revenue Grants, Funds, Contributions & Compensations /Subsidies | I-6 | 108054565.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 12062.00 |
| 180000000 | Other Income | I-9 | 8100.00 |
| 190000000 | Prior Period Income | I-19 | 1250.00 |
| | Total Income | | 111157197.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 9572049.00 |
| 220000000 | Administrative Expenses | I-11 | 345716.00 |
| 230000000 | Operations & Maintenance | I-12 | 986979.00 |
| 240000000 | Interest & Finance Charges | I-13 | 1904.00 |
| 250000000 | Decentralised Plan Programme-Productive Sector /Programme Expenses | I-14 | 4823615.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 39511422.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 3820217.00 |
| 253000000 | Decentralised Plan Programme-Projects not included inSector Division | I-14(C) | 24902642.00 |
| 254000000 | Expenditures of Transfered Institutions and State SponsoredSchemes (notincludedunderDecentralizedPlanProgramme) | I-14(D) | 28332264.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 946446.00 |
| 260000000 | Grants, Contributions & Compensation from Own Fund /Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets andInvestments | I-17 | 0.0 |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(A) | 5235916.00 |
| | Total Expenditure | | 118479170.00 |
| | Gross Surplus / Deficit of income over Expenditure | | -7321973.00 |
| | Gross Surplus / Deficit of income over Expenditure | | -7323223.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 0.0 |
| | Net Balance being surplus/ deficit carried over to Balance Sheet (PanchayatFund) | | 1250.00 |

Pookkottukavu Grama Panchayat BALANCE SHEET

As on 31-03-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 6678728.40 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust orAgency Fund | B-2 | 15604.00 |
| 312000000 | Reserves | B-3 | 51247103.00 |
| | Total Reserve & Surplus | | 57941435.40 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6039813.00 |
| | Total Grants, Contributions for Specific Purposes | | 6039813.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 1908096.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 1908096.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 242105.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1617734.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 1859839.00 |
| | TOTAL LIABILITIES | | 67749183.40 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 992273.00 |
| 412000000 | Capital Work in Progress | B-11(b) | 579642.00 |

| | | | |
|---|---|---|---|
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 2206146.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 23159762.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 56790967.00 |
| 416000000 | Accumulated Depreciation | B-11(a) | -22970131.00 |
| | Total Fixed Assets | | 60758659.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 518615.90 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 1908096.00 |
| 450000000 | Cash and Bank Balance | B-17 | 3366909.50 |
| 460000000 | Loans, Advances and Deposits | B-18 | 1196903.00 |
| 461000000 | Accumulated Provisions against Loans,Advances andDeposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 6990524.40 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 67749183.40 |

DEPUTY DIRECTOR